www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ബജറ്റ് 2025–26

# വിഴിഞ്ഞം–കൊല്ലം–പുനലൂർ വികസന ത്രികോണം പദ്ധതി

**തിരുവനന്തപുരം:** വിഴിഞ്ഞം-കൊല്ലം-പുനലൂർ വികനസ ത്രികോണമെന്ന പുതിയ പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ച് ധനമന്ത്രി കെ. എൻ ബാലഗോപാലാൽ. ലോകത്തിലെ പ്രധാന ട്രാൻസ് ഷിപ്പ് മെന്റ് ഹബ്ബ് തുറമുഖങ്ങളായ സിങ്കപ്പൂരപ്, റോട്ടർഡാം,ദുബായ് എന്നിവയുടെ മാതൃകയിൽ വിഴിഞ്ഞത്തെ ഒരു ട്രാൻസ് ഷിപ്പ്മെന്റ് കേന്ദ്രത്തിനപ്പുറം ബൃത്തായ കയറ്റുമതി ഇറക്കുമതി തുറമുഖമാക്കി മാറ്റുകയെന്നതാണ് ആത്യന്തികമായ ലക്ഷ്യമെന്ന് മന്ത്രി തന്റെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു.ഇതിന്റെ അടിസ്ഥാനത്തിലാണ് വിഴിഞ്ഞം-കൊല്ലം- പുനലൂർ വളർച്ചാ ത്രികോണം എന്ന പുതിയ പദ്ധതിയെന്ന് മന്ത്രി വ്യക്തമാക്കി. പുതിയ ഗ്രീൻഫീൽഡ് എൻ എച്ച് 744, നിലവിലുള്ള കൊല്ലം -കൊട്ടാരക്കര-ചെങ്കോട്ട എൻ എച്ച് 744, എം.സി റോഡ്, മലയോര, തീരദേശ ഹൈവേകൾ, തിരുവനന്തപുരം കൊല്ലം റെയിൽപാത, കൊല്ലം-ചെങ്കോട്ട റെയിൽ പാത എന്നിങ്ങനെയുള്ള പ്രധാന ഗതാഗത ഇടനാഴികൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതി സഹായകമാകുമെന്നും മന്ത്രി വ്യക്തമാക്കി. വികസന ത്രികോണ മേഖലയിലുടനീളം വിവിധോദ്ദേശ്യ പാർക്കുകൾ, ഉൽപ്പാദന കേന്ദ്രങ്ങൾ, സംഭരണ സൗകര്യങ്ങൾ, സംസ്കരണ യൂണിറ്റുകൾ, അസംബ്ലിംഗ് യൂണിറ്റുകൾ, കയറ്റിറക്ക് കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നും പദ്ധതിയിൽ ഉൾപ്പെടുന്നതായും മന്ത്രി വ്യക്തമാക്കി. ഇടനാഴിക്ക് സമീപസ്ഥങ്ങളായ പ്രദേശങ്ങളെ തിരഞ്ഞെടുത്ത് പൊതു-സ്വകാര്യ-എസ്പിവി മാർഗ്ഗങ്ങളിലൂടെ വികസിപ്പിക്കും.



പദ്ധതിനിർവ്വഹണം ഉറപ്പാക്കുന്നതിനായി എസ്പിവി രൂപീകരിച്ച് ഭൂവികസനും നിക്ഷേപങ്ങളും ശക്തിപ്പെടുത്തും. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിനും വിൽക്കുന്നതിനും ലീസ് ചെയ്യുന്നതിനും സഹായിക്കുന്നതിനായി ക്ലിക്ക് എന്ന പോർട്ടൽ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

## വൻകിട കൺവെൻഷൻ സെന്ററുകളും ഡെസ്റ്റിനേഷൻ ടൂറിസം സെന്ററുകളും വികസിപ്പിക്കും

**തിരുവനന്തപുരം:** മൈസ് (മീറ്റിംഗസ്,ഇൻസെന്റീവ്സ്, കോൺഫ്രൻസ് ആന്റ് എക്സിബിഷൻസ്) ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വൻകിട കൺവെൻഷൻ സെന്ററുകളും ഡെസ്റ്റിനേഷൻ ടൂറിസം സെന്ററുകളും വികസിപ്പിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി. വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കാൻ ഏറ്റവും ആവശ്യമുള്ള ഘടകം നിലവാരമുള്ള മുറികളുടെ ലഭ്യതയാണ്. ഇടത്തരക്കാരും വൻകിടക്കാരുമായ ടൂറിസ്റ്റുകൾക്ക് ആവശ്യമുള്ള ഹോട്ടൽ മുറികളുടെ അപര്യാപ്തത സംസ്ഥാനത്തുണ്ട്. ഹോട്ടലുകൾ, ഹോട്ടൽ ക്ലസ്റ്ററുകൾ സംസ്ഥാനത്ത് കൂടുതൽ സജ്ജമാക്കേണ്ടതുണ്ട്.ഹോട്ടലുകൾ നിർമ്മിക്കാൻ 50 കോടി വരെ വായ്പ നൽകുന്നതിനുള്ള പദ്ധതി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്കരിക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി. പദ്ധതിയ്ക്ക് പലിശയിളവ് നലർകുന്നതിനായി 20 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നതായും മന്ത്രി വ്യക്തമാക്കി.

## ടൂറിസം മേഖലയ്ക്ക് കെ ഹോംസ് പദ്ധതി

**തിരുവനന്തപുരം;** ടൂറിസം മേഖലയിൽ കെ ഹോസ് പദ്ധതി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ. ധനമന്ത്രി കെ എൻ ബാലഗോപാൽ അവതരിപ്പിച്ച 2025-26 വർഷത്തെ ബജറ്റിലാണ് പുതിയ പദ്ധതിയുടെ പ്രഖ്യാപനം നടത്തിയത്.കേരളത്തിൽ താമസക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്ന വീടുകൾ ഉപയോഗപ്പെടുത്തി ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുള്ള സംരംഭമാണ് കെ ഹോംസ് പദ്ധതിയെന്ന് മന്ത്രി കെ എൻ ബാലഗോപാൽ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി.

ലോകമെമ്പാടുമുള്ള സമാന സംരംഭങ്ങളിൽ നിന്ന് മാതൃകകളും നടത്തിപ്പ് രീതികളും സ്വീകരിച്ച് മിതമായ രീതിയിൽ വീടുകളിൽ താമസസൗകര്യമൊരുക്കുകയെന്നതാണ് പദ്ധതിയുടെ ഉള്ളടക്കം. വീട്ടുടമകൾക്ക് വരുമാനവും ഒപ്പം ഒഴിഞ്ഞു കിടക്കുന്ന വീടുകളുടെ സുരക്ഷയും പരിപാലനവും പദ്ധതി വഴി ലഭ്യമാകും. ഫോർട്ട് കൊച്ചി, കുമരകം, കോവളം, മൂന്നാർ തുടങ്ങിയ വിനോദ സഞ്ചാര മേഖലകളിലെ 10 കിലോമീറ്റർ ചുറ്റളവിലാണ് പൈലറ്റ് പദ്ധതി നടപ്പിലാക്കുക. ഇതിന്റെ ഫലം വിലയിരുത്തിയതിനുശേഷം സംസ്ഥാനത്തുടനീളം പദ്ദതി നടപ്പിലാക്കും. പദ്ധതിയുടെ പ്രാരംഭ ചിലവുകൾക്കായി അഞ്ചു കോടി രൂപ വകയിരുത്തിയതായും ധനമന്ത്രി വ്യക്തമാക്കി.

## ബജറ്റിൽ കെഫോണിന് 100 കോടി

**തിരുവനന്തപുരം:** രണ്ടാം പിണറായി സർക്കാറിന്റെ അഞ്ചാം ബജറ്റ് പ്രഖ്യാപനത്തിൽ കെഫോൺ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നത് 100 കോടി രൂപ. നെറ്റുവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്.

KFON
INTERNET - A BASIC RIGHT

സാധാരണക്കാർക്ക് ഏറ്റവും മിതമായ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് സൗകര്യം ഉറപ്പുനൽകുന്ന കെഫോൺ പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനും പദ്ധതിയെ അടുത്ത തലത്തിലേക്ക് ഉയർത്തുന്നതിനും ഇതിലൂടെ സാധിക്കുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും കെഫോൺ എംഡിയുമായ ഡോ. സന്തോഷ് ബാബു ഐ.എ.എസ് പറഞ്ഞു. ഏറെ പ്രതീക്ഷയോടെയാണ് ഈ ബജറ്റ് പ്രഖ്യാപനത്തെ നോക്കിക്കാണുന്നത്. 100 കോടി രൂപ കെ ഫോണിനായി വകയിരുത്തിയതിലൂടെ പദ്ധതി പ്രവർത്തനങ്ങൾക്ക് വേഗം കൂടും. മികച്ചതും കൂടുതൽ വിശ്വസനീയവുമായ ഇന്റർനെറ്റ് കണക്ടിവിറ്റി സേവനങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തുടനീളം ലഭ്യമാക്കുമെന്ന കെഫോണിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള കുതിപ്പിന് ആക്കം കൂട്ടുകയാണ് സർക്കാരിന്റെ ഈ ബജറ്റ് പ്രഖ്യാപനം. നിലവിൽ 24080 സർക്കാർ ഓഫീസുകളും 49773 വാണിജ്യ കണക്ഷനുകളും 5236 ബി.പി.എൽ കണക്ഷനുകളും 65 ഐ.എൽ.എൽ കണക്ഷനുകളും 255 എസ്.എം.ഇ കണക്ഷനുകളുമുൾപ്പടെ 79409 കണക്ഷനുകളാണ് കെഫോൺ പദ്ധതി വഴി നൽകിയിരിക്കുന്നത്. 2025 മാർച്ച് മാസത്തോടെ ഒരു ലക്ഷം കണക്ഷനുകൾ പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.





# കേരള ബജറ്റ് 202526, ഒറ്റനോട്ടത്തിൽ

## 1,52,352 കോടി രൂപ റവന്യൂ വരവും 1,79,476 കോടി രൂപ റവന്യൂ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ്

- സർവ്വീസ് പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡുവായ 600 കോടി രൂപ ഫെബ്രുവരിയിൽ വിതരണം ചെയ്യും
- ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടു ഗഡു ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കും. അവ പി.എഫിൽ ലയിപ്പിക്കും
- ഡി.എ കുടിശ്ശികയുടെ രണ്ട് ഗഡുക്കളുടെ ലോക്ക് ഇൻ പീരിയഡ് നടപ്പ് സാമ്പത്തിക വർഷത്തിൽ ഒഴിവാക്കി നൽകുന്നു
- സംസ്ഥാനത്തെ ദിവസവേതന കരാർ ജീവനക്കാരുടെ വേതനം അഞ്ച് ശതമാനം വർദ്ധിപ്പിക്കും
- സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ പദ്ധതി ശക്തിപ്പെടുത്തും. ബാങ്ക് / ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് രണ്ട് ശതമാനം പലിശയിളവ് നൽകും. ഇതിനായി 50 കോടി രൂപ വകയിരുത്തി സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത/ക്ഷാമാശ്വാസം 2025 ഏപ്രിൽ മാസം നൽകും
- വയനാട് പുനരധിവാസത്തിന് 750 കോടി രൂപയുടെ പദ്ധതി
- തിരുവനന്തപുരം മെട്രോ റെയിലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 202526 ൽ തുടക്കമാകും.
- ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമീണ മേഖലയിൽ ഒരു ലക്ഷം വ്യക്തിഗത ഭവനങ്ങളും 19 ഭവന സമുച്ചയങ്ങളും. ഇതിനായി 1160 കോടി രൂപ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം 15,980.49 കോടി രൂപ. 774.99 കോടി രൂപയുടെ വർദ്ധനവ്. പദ്ധതി വിഹിതം 28 ശതമാനമായി ഉയർത്തും.

- ആരോഗ്യ മേഖലയ്ക്ക് 10431.73 കോടി രൂപ
- കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് 700 കോടി രൂപ
- റോഡുകൾക്കും പാലങ്ങൾക്കുമായി 4219.41 കോടി രൂപ
- വിഴിഞ്ഞം കൊല്ലം  പുനലൂർ വികസന ത്രികോണത്തിന് 1000 കോടി രൂപ
- വെസ്റ്റ് കോസ്റ്റ് കനാലിന്റെ സ്വാധീനമേഖലയുടെ സാമ്പത്തിക വികസനത്തിന് 500 കോടി രൂപ
- ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥിരം ക്യാമ്പസിന് 212 കോടി രൂപ
- കേരളത്തിൽ ജി.പി.യു ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷന് 10 കോടി രൂപ
- കൊല്ലം ഐ.ടി പാർക്കിന്റെ ആദ്യ ഘട്ടം 202526 ൽ പൂർത്തിയാക്കും
- കൊട്ടാരക്കരയിൽ പുതിയ ഐ.ടി പാർക്ക്
- ഏജന്റിക് ഹാക്കത്തോൺ സംഘാടനത്തിന് ഒരു കോടി രൂപ.
- സംസ്ഥാന മാധ്യമ അവാർഡ് തുകകൾ ഇരട്ടിയാക്കി. മാധ്യമപ്രവർത്തനത്തിൽ സമഗ്ര സംഭാവനയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്വദേശാഭിമാനി കേസരി പുരസ്കാര തുക ഒരു ലക്ഷം രൂപയിൽ നിന്ന് 1.5 ലക്ഷം രൂപയായി ഉയർത്തി.
- കോവളം, മൂന്നാർ, കുമരകം, ഫോർട്ട് കൊച്ചി മേഖലകളിലെ ഒഴിഞ്ഞുകിടക്കുന്ന വീടുകളെ പ്രയോജനപ്പെടുത്തി ടൂറിസം വികസനത്തിന് കെഹോംസ് പദ്ധതി. പ്രാരംഭ ചെലവുകൾക്ക് 5 കോടി.
- കോ വർക്കിംഗ് സ്പേസുകൾ നിർമ്മിക്കാൻ വായ്പാ പദ്ധതിയ്ക്ക് പലിശ സബ്സിഡി നൽകാൻ 10 കോടി.
- ഹൈഡ്രജൻ ഉൽപാദനത്തിന് ഹൈഡ്രജൻ വാലി പദ്ധതി
- എഥനോൾ ഉൽപാദന സാധ്യതകൾ പഠിക്കാൻ 10 കോടി രൂപ
- കൊച്ചി സുസ്ഥിര നഗരഭൂമി പുനക്രമീകരണ പദ്ധതിയ്ക്ക് 10 കോടി രൂപ
- മുതിർന്ന പൗരന്മാർക്ക് പുതു സംരംഭങ്ങൾ തുടങ്ങാൻ ന്യൂ ഇന്നിങ്സ് പദ്ധതിയ്ക്ക് 5 കോടി
- കാലാവധി കഴിഞ്ഞ സർക്കാർ വാഹനങ്ങൾ മാറ്റി വാങ്ങാൻ 100 കോടി രൂപ
- വിളപരിപാലനത്തിന് 535.90 കോടി രൂപ
- വിലക്കയറ്റം തടയാൻ വിപണി ഇടപെടലുകൾക്ക് 2063 കോടി
- കേര പദ്ധതിയ്ക്ക് 100 കോടി രൂപ
- നെൽകൃഷി വികസനത്തിന് 150 കോടി രൂപ
- നാളീകേര വികസനത്തിന് 73 കോടി രൂപ
- മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് 77.99 കോടി
- മൃഗസംരക്ഷണ മേഖലയ്ക്ക് 317.9 കോടി രൂപ
- ക്ഷീരവികസനത്തിന് 120.93 കോടി രൂപ
- 130 കോടിരൂപ ചെലവിൽ കണ്ണൂർ ധർമ്മടം മണ്ഡലത്തിൽ ഗ്ലോബൽ ഡയറി വില്ലേജ്
- തീരദേശമേഖലയുടെ സമഗ്ര വികസനത്തിന് 100 കോടി രൂപയുടെ പ്രത്യേക പാക്കേജ്
- കൊല്ലം നീണ്ടകരയിൽ വലനിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ 5 കോടി രൂപ
- പുനർഗേഹം പദ്ധതിയ്ക്ക് 60 കോടി രൂപ
- 2.36 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി
- മത്സ്യത്തൊഴിലാളികളുടെ വീട് നവീകരണത്തിന് 10 കോടി
- വന്യജീവി ആക്രമണം കുറയ്ക്കാൻ വനസംരക്ഷണ പദ്ധതിയ്ക്ക് 75 കോടി രൂപ
- കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന് രണ്ട് കോടി
- പെരിയാർ ആനമുടി നിലമ്പൂർ, വയനാട് ആന സങ്കേതങ്ങൾക്കായി 3.5 കോടി രൂപ
- ഗ്രാമവികസന മേഖലയ്ക്ക് 7099 കോടി രൂപ. നടപ്പുവർഷത്തേക്കാൾ 599 കോടി രൂപ അധികം.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അടുത്ത വർഷം 10.50 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കും.
- പ്രധാനമന്ത്രി ഗ്രാം സഡക് യോജനയ്ക്ക് സംസ്ഥാന വിഹിതമായി 80 കോടി രൂപ
- ബ്ലോക്ക് പഞ്ചായത്തുകളിൽ ഇൻഫർമേഷൻ സെന്റർ  2 കോടി രൂപ.
- അതിദരിദ്രരില്ലാത്ത കേരളം പദ്ധതിയ്ക്ക് ഗ്യാപ് ഫണ്ടായി 60 കോടി രൂപ.
- മെട്രോപൊളിറ്റൻ നഗരവികസനത്തിന് കൗൺസിൽ രൂപീകരിക്കും.
- ഗ്രാമീണ ഉപജീവന മിഷൻ പദ്ധതികൾക്ക് സംസ്ഥാനവിഹിതം 56 കോടി രൂപ.
- കുടുംബശ്രീ മിഷന് 270 കോടി രൂപ
- വയനാട് പാക്കേജിന് 85 കോടി രൂപ
- ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം, തീരദേശ സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്ക് 610 കോടി
- അരൂർ മേഖലയിൽ വേമ്പനാട്ട് കായലിന്റെ ആഴം കൂട്ടാൻ 10 കോടി രൂപ
- കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾക്ക് 57 കോടി രൂപ
- ഊർജ്ജ മേഖലയ്ക്ക് 1157 കോടി രൂപയുടെ വകയിരുത്തൽ
- വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പമ്പ്സ് & സ്റ്റോറേജ് പദ്ധതിയ്ക്ക് 100 കോടി രൂപ
- പാരമ്പര്യേതര ഊർജ്ജമേഖലയ്ക്ക് 67.96 കോടി രൂപ
- വിദൂര ആദിവാസി ഗ്രാമങ്ങളുടെ വൈദ്യുതീകരണത്തിന് 5 കോടി രൂപ
- പട്ടികവർഗ്ഗ/ഗോത്ര നഗറുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കാൻ 5 കോടി രൂപ
- വ്യവസായ മേഖലയ്ക്ക് ആകെ 1831,36 കോടി രൂപയുടെ വകയിരുത്തൽ
- ചെറുകിട വ്യവസായ മേഖലയ്ക്ക് 254,98 കോടി രൂപ നീക്കിവെച്ചു
- വയനാട് ക്ലൈമറ്റ് സ്മാർട്ട് കോഫി  പ്രാരംഭ പ്രവർത്തനങ്ങൾക്ക് 3 കോടി രൂപ വാണിജ്യ മേഖലയുടെ വികസനത്തിന് 7 കോടി രൂപ
- കരകൗശല വ്യവസായ മേഖലയ്ക്ക് 4.11 കോടി രൂപ
- കൈത്തറി യന്ത്രത്തറി മേഖലയ്ക്ക് ആകെ 56.89 കോടി രൂപ
- ഹാന്റെക്സിന് പുതിയ പുനരുജ്ജീവന പദ്ധതി. 20 കോടി രൂപ നീക്കിവെച്ചു. കൈത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് 3 കോടി രൂപ കയർ മേഖലയ്ക്കാകെ 107.64 കോടി രൂപ
- കശുവണ്ടി മേഖല പുനരുജ്ജീവന ഫണ്ടായി 30 കോടി രൂപ
- കശുവണ്ടി ഉൽപാദന വൈവിധ്യവൽക്കരണത്തിന് 5 കോടി രൂപ
- ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് 795,09
- സൂക്ഷ്മ ചെറുകിട ഇടത്തരം സ്റ്റാർട്ടപ്പുകളുടെയും സ്വയംപര്യാപ്തയും ശാക്തീരണവും ഉറപ്പാക്കാൻ മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയ്ക്ക് 9 കോടി രൂപ
- പീഡിത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിന് പുതിയ പദ്ധതി 4 കോടി രൂപ വകയിരുത്തി
- കൊച്ചിപാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിക്ക് 200 കോടി രൂപ
- പൊതുമേഖലാ സ്ഥാപനങ്ങളുടെ സസമഗ്ര സാമ്പത്തിക സപുനഃസംഘടനാ പദ്ധതിയ്ക്ക് 275.10 കോടി രൂപ
- കൊല്ലം ജില്ലയിൽ പുതിയ വ്യവസായ / ഫുഡ് പാർക്കിന് പ്രാരംഭ ചെലവുകൾക്ക് 5 കോടി.
- ഐ.ടി മേഖലയ്ക്ക് ആകെ 517.64 കോടിയുടെ വകയിരുത്തൽ
- കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഫണ്ട് ഓഫ് ഫണ്ടിലേക്ക് 10 കോടി രൂപ അധികം വകയിരുത്തി.
- ജി.എസ്.ടി രജിസ്ട്രേഷനും റിട്ടേൺ സംസ്ഥാനതല ക്യാമ്പയിൻ ഫയലിംഗും
- ഫിൻടെക് മേഖലാ വികസനത്തിന് 10 കോടി
- ഗതാഗത മേഖലയ്ക്ക് ആകെ 2065.01 കോടി രൂപ
- ഐ.ടി പാർക്കുകൾക്കായി 54.60 കോടി രൂപ
- നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിന് 65 കോടി രൂപ
- 2016 മുതൽ കെ.എസ്.ആർ.ടി.സിയ്ക്ക് നൽകിയത് 18,787.8 കോടി രൂപ.
- ഹൈദരാബാദിൽ കേരള ഹൗസ് സ്ഥാപിക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായി 5 കോടി രൂപ
- കൊല്ലത്ത് മറീന സ്ഥാപിക്കാൻ 5 കോടി രൂപ
- കോഴിക്കോട് ജില്ലയിൽ പുതിയ ബയോളജിക്കൽ പാർക്കിന് 5 കോടി രൂപ
- കൊല്ലം ശാസ്താംകോട്ടയിൽ ഇക്കോ ടൂറിസം പദ്ധതിയ്ക്ക് 1 കോടി രൂപ
- പൊൻമുടിയിൽ റോപ് വേ  സാധ്യതാ പഠനത്തിന് 50 ലക്ഷം രൂപ
- ട്രക്കിംഗ് പ്രോത്സാഹിപ്പിക്കാൻ വന യാത്രാ പദ്ധതിയ്ക്ക് 3 കോടി രൂപ
- സൂപ്പർ കമ്പ്യൂട്ടിംഗ് കേന്ദ്രം സ്ഥാപിക്കുന്നതിന് 10 കോടി
- 500 തദ്ദേശ സ്ഥാപനങ്ങളിലേക്ക് കൂടി നെറ്റ് സീറോ കാർബൺ പദ്ധതി

LSS, USS എൽഎസ്എസ്, യുഎസ്എസ് സ്കോളർഷിപ്പ് പരീക്ഷകൾ ഇനിമുതൽ ഇങ്ങകളു സിഎം– കിഡ്സ് സ്കോളർഷിപ്പ്

- പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ആകെ 2391.13 കോടി രൂപ
- സ്കൂൾ യൂണിഫോം പദ്ധതിയ്ക്ക് 150,34 കോടി രൂപ
- ആലപ്പുഴ, കോഴിക്കോട്, എറണാകുളം മെഡിക്കൽ കോളേജുകളിൽ ആധുനിക കാത്ത് ലാബുകൾക്ക് 45 കോടി രൂപ
- എൻ.എച്ച്.എം പദ്ധതിയുടെ സംസ്ഥാന വിഹിതമായി 100 കോടി രൂപ
- പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് 100 കോടി
- ഹജ്ജ് ഹൗസിന് 5 കോടി രൂപ
- തൃശൂർ പൂരപ്പറമ്പ് അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി
- നവകേരള സദസ്സിൽ ഉൾപ്പെട്ട അടിസ്ഥാന വികസന പദ്ധതികൾ 800 കോടി
- പൊതുവിദ്യാലയങ്ങളിൽ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് 2 കോടി
- സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും മെൻസ്ട്രുവൽ കപ്പ് നൽകുന്നതിന് 3 കോടി
- കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തോട് ചേർന്ന് പിൽഗ്രിം ഹൗസും അമിനിറ്റി സെന്ററും നിർമ്മിക്കാൻ 5 കോടി രൂപ
- ആറന്മുള വള്ളംകളിയുടെ പ്രധാന പവലിയൻ നിർമ്മാണത്തിന് 2 കോടി രൂപ
- പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് 104 കോടി രൂപ
- റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയ്ക്ക് 1000 കോടി രൂപ

## ദീർഘദർശിയായ ബജറ്റ്: ഡോ. ആസാദ് മൂപ്പൻ

**കൊച്ചി:** കേരളത്തെ ഒരു മെഡിക്കൽ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനും സംസ്ഥാനത്തിന്റെ ആരോഗ്യസംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള ദീർഘദർശിയായ ബജറ്റാണ് ഇത്തവണ സംസ്ഥാന ധനമന്ത്രി കെ എൻ ബാലഗോപാൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

ഹെൽത്ത് ടൂറിസം പ്രോത്സാഹിപ്പിക്കാൻ 50 കോടി രൂപ അനുവദിച്ചത് അതിന്റെ ഉദാഹരണമാണ്. നമ്മുടെ സംസ്ഥാനത്ത് അത്യാധുനിക ചികിത്സാസംവിധാനങ്ങൾക്കൊപ്പം മാനസികസൗഖ്യത്തിനും വേണ്ട ശാന്തസുന്ദരമായ ഒരു അന്തരീക്ഷമാണുള്ളത്. ഈ ഘടകങ്ങളെ ഉപയോഗിച്ച്, കുറഞ്ഞ നിരക്കിൽ മികച്ച ചികിത്സ കിട്ടണമെന്ന് ആഗ്രഹിക്കുന്ന വിദേശികളെ ഇങ്ങോട്ടേക്ക് ആകർഷിക്കാൻ ബജറ്റ് സഹായിക്കും.കാൻസർ പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി കൂടുതൽ നിക്ഷേപങ്ങൾ നടത്താനുള്ള തീരുമാനവും ഏറെ സന്തോഷം നൽകുന്നതാണ്. അർബുദം നേരത്തെ കണ്ടെത്താനും നിലവിലുള്ള ചികിത്സാകേന്ദ്രങ്ങൾ കൂടുതൽ വികസിപ്പിക്കാനും ബജറ്റ് ലക്ഷ്യമിടുന്നു. എല്ലാ സർക്കാർ ആശുപത്രികളും കാൻസർ ചികിത്സയ്ക്കുള്ള മാതൃകാകേന്ദ്രങ്ങളാക്കി മാറ്റുമെന്ന പ്രഖ്യാപനം ഏറെ പ്രതീക്ഷ നൽകുന്നതാണ്.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ വന്ധ്യതാ ക്ലിനിക്കുകളും ആധുനിക ലാബുകളും തുടങ്ങാനുള്ള തീരുമാനം, കുട്ടികളില്ലാതെ വിഷമിക്കുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് ആശ്വാസമാകും.റഫറൽ ആശുപത്രികളിൽ രക്താതിസമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയുടെ മെച്ചപ്പെട്ട ചികിത്സയ്ക്ക് പ്രത്യേക പദ്ധതി ആവിഷ്കരിച്ചതും സ്വാഗതാർഹമായ തീരുമാനമാണ്.ബിഎസ്സി നേഴ്സിങ്ങിന് 1020 അധിക സീറ്റുകൾ അനുവദിച്ചതും കൂടുതൽ നേഴ്സിങ് കോളേജുകൾ തുറക്കാനുള്ള തീരുമാനവും കേരളത്തിനകത്തും വിദേശരാജ്യങ്ങളിലും മലയാളികൾക്ക് ഗുണമുണ്ടാക്കും. ലോകമെമ്പാടും മലയാളി നേഴ്സുമാർക്ക് ഉയർന്ന ഡിമാൻഡ് ആണ്. ഈ നീക്കം കേരളത്തിൽ നിന്നുള്ള നേഴ്സുമാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, സംസ്ഥാനത്തിനകത്തെ ചികിത്സാസൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

### സന്തുലിത ബജറ്റ്

**വി പി നന്ദകുമാർ,**
എംഡി ആന്റ് സിഇഒ, മണപ്പുറം
ഫിനാൻസ് ലിമിറ്റഡ്



കൃഷി, ആരോഗ്യ സംരക്ഷണം, നൂതന സാങ്കേതിക വിദ്യകൾ, സുസ്ഥിര വികസനം തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകുന്ന സന്തുലിതമായ ബജറ്റാണ് ധനമന്ത്രി കെ എൻ ബാലഗോപാൽ അവതരിപ്പിച്ചത്. സംസ്ഥാനത്തെ അടഞ്ഞു കിടക്കുന്ന വീടുകളെ ടൂറിസം മേഖലയുമായി ഏകോപിപ്പിച്ച്, വീട്ടുടമകൾക്ക് അധികവരുമാനമുണ്ടാക്കുന്ന കെ ഹോംസ് പദ്ധതി പ്രശംസനീയമാണ്. പുനരുപയോഗ ഊർജ മേഖലയുടെ ഗവേഷണത്തിനും വളർച്ചയ്ക്കുമായി നിക്ഷേപം നടത്തും. വിദ്യാഭ്യാസ, നൈപുണ്യ വികസന മേഖലകളിലെ നടപടികൾ ദീർഘകാല സുസ്ഥിര സമ്പദ്മേഖലയ്ക്ക് ശക്തമായ അടിത്തറ ഒരുക്കുമെന്നും വി പി നന്ദകുമാർ വ്യക്തമാക്കി

### ബജറ്റ് സമഗ്ര വികസനം ലക്ഷ്യമിട്ടുള്ളത്

**കെ പോൾ തോമസ്,**
എംഡി ആന്റ് സിഇഒ, ഇസാഫ് സ്മോൾ
ഫിനാൻസ് ബാങ്ക്



കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള ബജറ്റിൽ സൂക്ഷ്മ ചെറുകിട സംരഭകർക്ക് വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. ഇന്ത്യയെ കളിപ്പാട്ട നിർമാണ ഹബ്ബായി മാറ്റുമെന്ന കേന്ദ്ര ബജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായി, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലൂടെ പ്രാദേശികമായി കളിപ്പാട്ട ഉൽപാദനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് ബജറ്റിൽ പറയുന്നു. സ്റ്റാർട്ടപ്പുകൾക്കും ചെറുകിട സംരംഭങ്ങൾക്കും കോവർക്കിങ് സ്പേസുകൾ നിർമിക്കാൻ 5 ശതമാനം പലിശനിരക്കിൽ 10 കോടി രൂപ വരെ വായ്പയായി നൽകുന്ന 'എക്സ്പാൻഡ് യുവർ ഓഫിസ്' പദ്ധതി സംരംഭക മേഖലയെ ത്വരിതപ്പെടുത്തും. കണ്ണൂർ, കൊല്ലം, കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതുതായി തുടങ്ങുന്ന ഐടി പാർക്കുകൾ വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും. സംസ്ഥാനത്തെ സർവലകശാലകളും വ്യാപാര സ്ഥാപനങ്ങളുമായി ചേർന്ന് സഹകരിക്കുന്ന രീതിയിൽ സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നത് വിജ്ഞാന സമ്പദ്ഘടനയ്ക്ക് ഉണർവേകുമെന്നും കെ പോൾ തോമസ് പറഞ്ഞു.

### വളർച്ചയ്ക്ക് വേഗം കൂട്ടുന്ന ബജറ്റ്

**ജിജിമോൻ ചന്ദ്രൻ,**
സ്ഥാപകൻ & സിഇഒ,
ആക്സിയ ടെക്നോളജീസ്



തലസ്ഥാന ജില്ലയെ ഒരു ലോകോത്തര ഓട്ടോമോട്ടീവ് ടെക്നോളജി ഹബ് ആക്കി മാറ്റുന്നതിനുള്ള ബജറ്റിലെ പ്രഖ്യാപനം ഈ വളർച്ചയ്ക്ക് വേഗം കൂട്ടും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കമ്പനികളുമായി സഹകരണം ഉണ്ടാക്കാൻ ഇവിടുത്തെ കമ്പനികൾക്ക് കഴിയും. ഒപ്പം പുതിയ നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള സാധ്യതകളും ബജറ്റ് തുറന്നിടുന്നുണ്ട്.വാഹനസാങ്കേതികവിദ്യാരംഗത്ത് കൂടുതൽ തൊഴിലും വരുമാനവും സൃഷ്ടിച്ച് ഈ മേഖലയെ വളർത്തിക്കൊണ്ടുവരാനുള്ള സംസ്ഥാന സർക്കാരിന്റെ ഉദ്ദേശം ബജറ്റിൽ പ്രകടമാണ്. സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തികവളർച്ചയ്ക്ക് ഈ തീരുമാനം ഉപകരിക്കും.ഒരു സ്ഥിരം ഡിജിറ്റൽ സയൻസ് പാർക്കിന് വേണ്ടി 212 കോടി രൂപ നീക്കിവെച്ചതിലൂടെ കേരളത്തിലെ സാങ്കേതിക സംരംഭങ്ങൾക്ക് ഊർജം പകരും.

### ആരോഗ്യമേഖലയ്ക്ക് കരുത്ത്

**ഡോ . പ്രേം നായർ,**
ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ,
അമൃത ഹോസ്പിറ്റൽസ്



കേരളത്തിലെ വളരുന്ന വയോജന സമൂഹത്തിനും, സാധാരണക്കാർക്കും വളരെയധികം പ്രതീക്ഷ നൽകുന്ന പ്രഖ്യാപനങ്ങളാണ് ബജറ്റിലുള്ളത്. പ്രായമായവർക്കും സാധാരണക്കാർക്കും കുറഞ്ഞ ചിലവിൽ ആരോഗ്യ പരിചരണം സാധ്യമാക്കുന്ന കാരുണ്യ പോലുള്ള പദ്ധതികളുടേയും, എല്ലാ ജില്ലാ ആശുപത്രികളിലും സ്ട്രോക്ക് യൂണിറ്റുകൾ, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ കൊണ്ടുവരും എന്ന പ്രഖ്യാപനവും ഏറെ പ്രതീക്ഷ നൽകുന്നതാണ്.

ആരോഗ്യ മേഖലയിലെ അടിസ്ഥാന ലക്ഷ്യമിടുന്ന ബജറ്റ് ഇതിനായി 10431.73 കോടി വകയിരുത്തിയിട്ടുണ്ട്.മികച്ച രോഗീ പരിചരണത്തിനും , ചികിത്സാ സൗകര്യങ്ങൾക്കും ലോകത്തിന് തന്നെ മാതൃകയായ നമ്മുടെ ആരോഗ്യ മേഖലയെ കൂടുതൽ കരുത്തുറ്റതാക്കാൻ സഹായിക്കുന്ന തീരുമാനങ്ങളും, നിർദേശങ്ങളുമാണ് സംസ്ഥാന ബജറ്റിൽ ഉള്ളത്.

## സൗജന്യ കെ മാറ്റ് പരിശീലനം

**കൊച്ചി:** എം.ബി.എ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് കെ.എം.എം. ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് സൗജന്യ കെ മാറ്റ് പരിശീലനം നൽകും. പൂർണ്ണമായും സൗജന്യമായി നൽകുന്ന പരിശീലനത്തിനായി അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും ബിരുദം പൂർത്തിയാക്കിയവർക്കും പേര് രജിസ്റ്റർ ചെയ്യാം. വിദഗ്ധരുടെ ക്ലാസുകൾ പരിശീലന പരീക്ഷകൾ, പഠന സാമഗ്രികൾ എന്നിവയും പരിശീലത്തിന്റെ ഭാഗമായി ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക്: 9895545924, 9400939888 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഭാരതീയ വിദ്യാഭവൻ നടത്തുന്ന ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് തൃപ്പൂണിത്തുറയിൽ 2025 27 എംബിഎ കോഴ്സിനു അപേക്ഷ ക്ഷണിച്ചു. കുസാറ്റ് അംഗീകാരത്തോടെയാണ് കോഴ്സ് നടത്തുന്നതെന്ന് ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ അറിയിച്ചു. ഫോൺ: 8075500478 0484 2774461. www.brim.ac.in.

## ഷിപ്പ് ടെക്നോളജിയിൽ ടെക്നീഷ്യൻ ഗ്രേഡ് (വെൽഡർ) ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഷിപ്പ് ടെക്നോളജി വകുപ്പിൽ ടെക്നീഷ്യൻ ഗ്രേഡ് കക (വെൽഡർ) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.വെൽഡർ ട്രേഡിൽ സർട്ടിഫിക്കറ്റും 3 വർഷത്തെ പ്രവൃത്തിപരിചയവുള്ളവർക്ക് അപേക്ഷിക്കാം. 18 നും 36 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ 10022025 നോ അതിനുമുമ്പോ recruit.cusat.ac.in വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷയുടെ ഒപ്പിട്ട ഹാർഡ് കോപ്പി (പ്രായം, യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ സഹിതം) 'ആപ്ലിക്കേഷൻ ഫോർ ദ പോസ്റ്റ് ഓഫ് ടെക്നീഷ്യൻ ഗ്രേഡ് കക (വെൽഡർ) ഓൺ കോൺട്രാക്ട് ബേസിസ് ഇൻ ദ ഡിപ്പാർട്ട്മെൻറ് ഓഫ് ഷിപ്പ് ടെക്നോളജി' എന്ന കുറിപ്പോടെ രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, കൊച്ചി22 എന്ന വിലാസത്തിൽ 17022025നോ അതിനുമുമ്പോ ലഭിക്കത്തക്കവിധം അയക്കണം.

# കേരളത്തിന്റെ സംരംഭങ്ങൾ അക്കാദമിക വ്യവസായ സഹകരണത്തിലൂടെ യുവതയെ തൊഴിൽസജ്ജമാക്കും : മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തിന്റെ സംരംഭങ്ങൾ അക്കാദമിക് മികവിനോടൊപ്പം വ്യവസായ സഹകരണത്തിനും പരിശീലനത്തിനും പ്രാധാന്യം നൽകി തൊഴിൽ വിപണിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ യുവജനതയെ സജ്ജമാക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എ പി ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയുടെ എമെർജിങ് ടെക്നോളജി ഫോർ ഇന്റെലിജന്റ് സിസ്റ്റംസ് പ്രഥമ അന്താരാഷ്ട്ര കോൺഫറൻസ് മാർ ബസേലിയോസ് എഞ്ചിനിയറിംഗ് കോളേജിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ അവതരിപ്പിക്കുന്ന അവസരങ്ങളോട് കൃത്യമായ സമീപനമാണ് കേരളം സ്വീകരിച്ചുവരുന്നത്. സ്മാർട്ട് സിറ്റികളും ഇന്റലിജന്റ് ട്രാൻസ്പോർട്ടേഷനുകളും മുതൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യകളും സൈബർ സുരക്ഷയും വരെയുള്ള വിഷയങ്ങൾ സുസ്ഥിരവും നൂതനവുമായ ഭാവി രൂപപ്പെടുത്തുന്നതിന് നിർണായകമാണ്. കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ, ഇൻഡസ്ട്രി ഓൺ കാമ്പസ് തുടങ്ങിയ കേരളത്തിന്റെ ആശയങ്ങൾ സംസ്ഥാനത്തിന്റെ വികസനവും വിദ്യാർത്ഥികളുടെ സംരംഭകപരിശീലനവും ലക്ഷ്യമിട്ടുള്ളതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വിദ്യാഭ്യാസം, വ്യവസായം, വികസനം എന്നിവയോടുള്ള സമീപനത്തെ പുനർനിർവചിക്കുന്നതാണ് എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയുടെ എമെർജിങ് ടെക്നോളജി ഫോർ ഇന്റെലിജന്റ് സിസ്റ്റംസ് അന്താരാഷ്ട്ര കോൺഫറൻസ്. ഇന്റലിജന്റ് സിസ്റ്റങ്ങളുടെ മേഖലയിലെ പ്രഗത്ഭരായ ഗവേഷകരെയും വിദ്യാർത്ഥികളെയും വ്യവസായ സംരംഭകരേയും ഒരുമിച്ച് ഒരു വേദിയിൽ കൊണ്ടുവരുന്നത്തിലൂടെ ഗവേഷണത്തിനും പ്രയോഗികതയ്ക്കും ഇടയിലുള്ള വിടവ് നികത്തപ്പെടുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

എം എൽ എമാരായ കടകംപള്ളി സുരേന്ദ്രൻ, ഐ ബി സതീഷ്, വൈസ് ചാൻസലർ ഡോ. കെ ശിവപ്രസാദ്, കൺവീനർ ഡോ. വിനോദ് കുമാർ ജേക്കബ് തുടങ്ങിയവർ സംസാരിച്ചു.

ഫെബ്രുവരി 9 വരെ നടക്കുന്ന കോൺഫറൻസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേർണിംഗ്, ഐടി മുതൽ സ്മാർട്ട് ടെക്നോളജീസ്, റോബോട്ടിക്സും ഓട്ടോമേഷനും, ഇന്റലിജന്റ് ട്രാൻസ്പോർട്ടേഷൻ, സൈബർ സെക്യൂരിറ്റി, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡാറ്റാ സയൻസ് ആൻഡ് അനലിറ്റിക്സ് എന്നിവയടക്കമുള്ള വിവിധ വിഷയങ്ങൾ പ്രതിപാദിക്കും. വ്യവസായ സെഷനുകൾ, പാനൽ ചർച്ചകൾ, സംരംഭക പ്രദർശനങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട 110 ഓളം പേപ്പറുകളുടെ അവതരണം എന്നിവയും കോൺഫറൻസിന്റെ ഭാഗമായി നടക്കും.

## ബഡ്സ് ഒളിമ്പിയ 2025: ചാമ്പ്യന്മാരായി ബി. ആർ. സി വടവുകോട്

**ആലപ്പുഴ:** കുടുംബശ്രീയുടെ നേതൃത്വത്തിൽ ജില്ലയിലെ ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച 'ബഡ്സ് ഒളിമ്പിയ 2025'ൽ ബി. ആർ. സി വടവുകോട് ചാമ്പ്യന്മാരായി. 33 പോയിന്റോടെയാണ് ബി.ആർ.സി വടവുകോട് കിരീടം ചൂടിയത്. ചെല്ലാനം ബഡ്സ് സ്കൂൾ 32 പോയിന്റോടെ രണ്ടാം സ്ഥാനവും കിഴക്കമ്പലം ബഡ്സ് സ്കൂൾ 29 പോയിന്റോടെ മൂന്നാം സ്ഥാനവും നേടി.

സബ് ജൂനിയർ വിഭാഗത്തിൽ ചെല്ലാനം ബഡ്സ് സ്കൂളിലെ ഹെയിൽ മേരി, ജൂനിയർ വിഭാഗത്തിൽ വേങ്ങൂർ ആശ ഭവൻ ബഡ്സ് സ്കൂളിലെ അനോയിന്റ് അരവിന്ദ്, സീനിയർ വിഭാഗത്തിൽ ബി ആർ സി വടവുകോടിലെ ശരണ്യ ശശി എന്നിവർ വ്യക്തിഗത ചാമ്പ്യന്മാരായി.

രാവിലെ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ബഡ്സ് ഒളിമ്പിയ 2025ന്റെ ഉദ്ഘാടനം നിർവഹിച്ചു.

ചടങ്ങിൽ ജില്ലാ മിഷൻ കോഓർഡിനേറ്റർ റ്റി. എം. റജീന അധ്യക്ഷത വഹിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



മാർത്തോമ്മൻ സ്മൃതി മന്ദിരത്തിന്റെ ശിലാസ്ഥാപനകർമ്മം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ നിർവഹിക്കുന്നു. ഡോ യാക്കോബ് മാർ ഐറേനിയോസ്, മാത്യൂസ് മാർ തേവോദോയിയോസ്, ഡോ.യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ.ഗീവർഗീസ് മാർ ബർണബാസ്, മലങ്കര മൽപ്പാൻ ഡോ ജോൺസ് എബ്രഹാം കോനാട്ട് റീശ് കോർ എപ്പിസ്ക്കോപ്പാ, വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ,അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ എന്നിവർ സമീപം.

# മലങ്കരയുടെ പൈതൃക മണ്ണിൽ മാർത്തോമ്മൻ സ്മൃതി മന്ദിരം

### ഓർത്തഡോക്സ് സഭയുടെ പൈതൃകകേന്ദ്രത്തിന് കൊടുങ്ങല്ലൂരിൽ ശിലാസ്ഥാപനം നടത്തി

**കൊടുങ്ങല്ലൂർ :** മലങ്കര സഭയുടെ സ്ഥാപകനും, കാവൽ പിതാവുമായ പരിശുദ്ധ മാർത്തോമ്മാ ശ്ലീഹാ വന്നിറങ്ങിയ മണ്ണിൽ ഒരു പൈതൃക കേന്ദ്രമെന്നത് സഭയുടെ ചിരകാല അഭിലാഷമായിരുന്നെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ. കൊടുങ്ങല്ലൂരിൽ മലങ്കര ഓർത്തഡോക്സ് സഭ പണി കഴിപ്പിക്കുന്ന മാർത്തോമ്മൻ സ്മൃതി മന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയാരുന്നു ബാവാ. മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം ഇന്നും കെടാതെ സൂക്ഷിക്കുന്നത് മലങ്കര സഭ മാത്രമാണ്.

ആരൊക്കെ കുഴിച്ചുമൂടാൻ ശ്രമിച്ചാലും ചരിത്രത്തെ തമസ്ക്കരിക്കാനാകില്ല. ഭാവിയിൽ സഭക്ക് അഭിമാനിക്കാൻ കഴിയുന്ന സ്ഥാപനമായി സ്മൃതി മന്ദിരം മാറും. എം.ജി.ജോർജ് മുത്തൂറ്റ് സഭയുടെ അൽമായ ട്രസ്റ്റിയായിരുന്ന കാലത്താണ് കൊടുങ്ങല്ലൂരിൽ സ്വന്തമായി സ്ഥലം വാങ്ങിയിട്ടത്. അദ്ദേഹത്തിന്റെ ആഗ്രഹ പ്രകാരം ഈ സ്ഥലം കുടുംബം സഭയ്ക്ക് സൗജന്യമായി കൈമാറുകയായിരുന്നു. എം.ജി.ജോർജ് മുത്തൂറ്റിനെയും സ്മരിക്കത്തക്കവിധമാകും നിർമ്മാണം പൂർത്തിയാക്കുകയെന്ന് കാതോലിക്കാ ബാവാ കൂട്ടിച്ചേർത്തു.

ഡോ.യാക്കോബ് മാർ ഐറേനിയോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, മാത്യൂസ് മാർ തേവോദോസിയോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ.ഗീവർഗീസ് മാർ ബർണബാസ് എന്നീ മെത്രാപ്പോലീത്താമാർ ചടങ്ങിൽ സഹകാർമ്മികത്വം വഹിച്ചു.

വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, സഭാ വക്താവ് ഡോ. ജോൺസ് ഏബ്രഹാം റീശ് കോർ എപ്പിസ്കോപ്പാ എന്നിവർ പ്രസംഗിച്ചു. മുത്തൂറ്റ് കുടുംബത്തെ പ്രതിനിധീകരിച്ച് ജോർജ് അലക്സാണ്ടർ മുത്തൂറ്റ് ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

കൊടുങ്ങല്ലൂർ നഗരസഭാ ചെയർപേഴ്സൺ ടി.കെ.ഗീത, കൗൺസിലർമാരായ ശിവറാം, രവി എന്നിവർ ആശംസകൾ നേർന്നു.

മുസിരിസ് പൈതൃക മേഖലയായ കൊടുങ്ങല്ലൂരിൽ പൗരാണികത ചോരാതെയാകും മാർത്തോമ്മൻ സ്മൃതി മന്ദിരത്തിന്റെ നിർമ്മാണം.പെരിയാറിനോട് ചേർന്നുള്ള ഈ സ്ഥലത്ത് മാർത്തോമ്മൻ മ്യൂസിയം, മാർത്തോമ്മൻ ഗേറ്റ്, മാർത്തോമൻ സ്തൂപം,കോൺഫറൻസ് ഹാൾ എന്നിവയാണ് വിഭാവനം ചെയ്യുന്നത്. ബഥനി ആശ്രമാംഗം ഫാ.ബഞ്ചമിൻ ഒ.ഐ.സിക്കാണ് നിർമ്മാണ മേൽനോട്ടച്ചുമതല.



# മലങ്കര ഓർത്തഡോക്സ് സഭയുടെ പബ്ലിക് റിലേഷൻസ് സെന്റർ എറണാകുളത്ത് പ്രവർത്തനമാരംഭിച്ചു

**കൊച്ചി :** മലങ്കര ഓർത്തഡോക്സ് സഭയുടെ എറണാകുളം പബ്ലിക്ക് റിലേഷൻസ് സെന്ററിന്റെ കൂദാശാകർമ്മം സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ നിർവഹിച്ചു. ഡോ.യാക്കോബ് മാർ ഐറേനിയോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ.ഗീവർഗീസ് മാർ ബർണബാസ് എന്നീ മെത്രാപ്പോലീത്താമാർ സഹകാർമ്മികത്വം വഹിച്ചു. വൈദിക ട്രസ്റ്റി ഫാ.ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, സഭാ വക്താവ് ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോർ എപ്പിസ്കോപ്പാ, വന്ദ്യ റമ്പാച്ചൻമാർ,

വൈദികർ, സഭാ വർക്കിങ് കമ്മിറ്റി മാനേജിങ് കമ്മിറ്റി അംഗങ്ങൾ തുടങ്ങി നിരവധിപേർ ചടങ്ങിൽ സംബന്ധിച്ചു. ഇടപ്പള്ളി ഒബ്റോൺമാളിന് എതിർവശമുള്ള സുരഭി റോഡിലാണ് സെന്റർ സ്ഥിതി ചെയ്യുന്നത്. ഫാ.സൈമൺ ജോസഫിനാണ് പബ്ലിക് റിലേഷൻസ് സെന്ററിന്റെ ചുമതല.



# രസതന്ത്രത്തിലെ മായാജാലം അറിയാനായി കുസാറ്റിലേക്ക് സ്കൂൾ വിദ്യാർത്ഥികൾ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അപ്ലൈഡ് കെമിസ്ട്രി വകുപ്പിൻറെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്കായി ഫെബ്രുവരി 6 ന് 'മാജിക് ഓഫ് കെമിസ്ട്രി' പരിപാടി സംഘടിപ്പിച്ചു. കൊച്ചിയിലെ വിവിധ സ്കൂളുകളിലെ 8,9 ക്ലാസുകളിലെ വിദ്യാർഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടി സർവകലാശാല വൈസ് ചാൻസലർ ഡോ. എം ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അപ്ലൈഡ് കെമിസ്ട്രി വകുപ്പിൻറെ മേധാവി പ്രൊഫസർ ഡോ സബൂറ ബീഗം അദ്ധ്യക്ഷത വഹിച്ചു.

പരിപാടിയുടെ ഭാഗമായി, പ്രൊഫസർ. കെ. ഗിരീഷ് കുമാർ വിദ്യാർഥികളുമായി സംവദിച്ചു. അപ്ലൈഡ് കെമിസ്ട്രി വകുപ്പിലെ ഗവേഷണ വിദ്യാർത്ഥികളും മറ്റ് വിദ്യാർത്ഥികളും ചേർന്ന് ടെക്സ്റ്റ്ബുക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പത്ത് രാസപ്രതികരണങ്ങളുടെ ലൈവ് ഡെമൺസ്ട്രേഷനും പരിശീലനവും സംഘടിപ്പിച്ചു. എം.എസ്സി ഫോറൻസിക് സയൻസ് പ്രോഗ്രാമിലെ വിദ്യാർത്ഥികൾ രസകരമായ ഫൊറൻസിക് പരീക്ഷണങ്ങളും രസതന്ത്ര വിദ്യകളുമാണ് പരിപാടിയുടെ ആദ്യദിനത്തിൽ ഒരുക്കിയത്.

# യു എസ് കോൺസുലേറ്റ് ഉദ്യോഗസ്ഥർ കുസാറ്റ് സന്ദർശിച്ചു

**കൊച്ചി:** ചെന്നൈയിലെ യു.എസ്. കോൺസൽ ജനറൽ ക്രിസ് ഹോഡ്ജസ്, കോൺസുലേറ്റ് ജനറലിൽ നിന്ന് പുന്നൂസ് മാത്തൻ എന്നിവർ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അമേരിക്കൻ കോർണറും, സെൻറർ ഫോർ സയൻസ് ഇൻ സൊസൈറ്റിയും (സിഎസ്ഐഎസ്) സന്ദർശിച്ചു.



ക്രിസ് ഹോഡ്ജസിൻറെ സന്ദർശനത്തോടനുബന്ധിച്ച് കുസാറ്റ് വൈസ് ചാൻസലർ ഡോ. ജൂനൈദ് ബുഷിരി, രജിസ്ട്രാർ ഡോ. അരുൺ എ.യു, ഇൻറർനാഷണൽ റിലേഷൻസ് വിഭാഗത്തിന്റെ ഡയറക്ടർ ഡോ. ഹരീഷ് എൻ. രാമനാഥൻ, അമേരിക്കൻ കോർണറിന്റെ കോഓർഡിനേറ്റർമാരായ ഡോ. അബേഷ് രഘുവരൻ, ഡോ. അനൂപ് എന്നിവർ ചേർന്ന് ഒരു യോഗം സംഘടിപ്പിച്ചു.

യോഗത്തിൽ കുസാറ്റിലെ അമേരിക്കൻ കോർണറിന്റെ സജീവ പ്രവർത്തനങ്ങളെയും യു.എസ്ഇന്ത്യ അക്കാദമിക സഹകരണത്തിന് സർവകലാശാല നടത്തുന്ന ശ്രമങ്ങളെയും അദ്ദേഹം അഭിനന്ദിച്ചു.

യു.എസ്. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് കുസാറ്റിനായി അമേരിക്കൻ സർക്കാർ സ്പോൺസർ ചെയ്യുന്ന ഇംഗ്ലീഷ് ഭാഷ ഫെലോ പ്രോഗ്രാമിന്റെ ഭാഗമായി ഒരു ഇംഗ്ലീഷ് ലാംഗ്വേജ് ഫെലോയെ അംഗീകരിച്ചതായി ഹോഡ്ജസ് അറിയിച്ചു.

ഈ പരിപാടിയിലൂടെ, ഇംഗ്ലീഷ് ആസ് എ ഫോറിൻ ലാംഗ്വേജ് (ഇഎഫ്എൽ) മേഖലയിൽ വിദഗ്ധനായ ഒരു അമേരിക്കക്കാരൻ കുസാറ്റിലെ അക്കാദമിക പദ്ധതികളെ പിന്തുണയ്ക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഫെലോഷിപ്പ് 2025 ഓഗസ്റ്റ് മുതൽ 2026 ജൂൺ വരെയാണ് അനുവദിച്ചിരിക്കുന്നത്.

# വേമ്പനാട് കായൽ ശുചീകരണം: രണ്ടാംഘട്ടത്തിൽ നീക്കിയത് 9.23 ടൺ പ്ലാസ്റ്റിക് മാലിന്യം

**ആലപ്പുഴ:** വേമ്പനാട് കായൽ പുനരുജ്ജീവന, സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ഭരണകൂടത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജനകീയ പ്ലാസ്റ്റിക് മുക്ത വേമ്പനാട് മെഗാ കാമ്പയിനിന്റെ രണ്ടാം ഘട്ടത്തിൽ 9235.5 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് നീക്കിയതായി ജില്ലാ കളക്ടർ അലക്സ് വർഗീസ് അറിയിച്ചു. കാമ്പയിനിന്റെ രണ്ടാം ഘട്ടമെന്ന നിലക്ക് വെള്ളിയാഴ്ച്ച ജില്ലയിലെ 12 കേന്ദ്രങ്ങളിലാണ് രാവിലെ 7 മണി മുതൽ ഓരേസമയം ശുചീകരണപ്രവർത്തനങ്ങൾ നടന്നത്.

പ്ലാസ്റ്റിക് വിമുക്ത വേമ്പനാട് കാമ്പയിന്റെ രണ്ടാം ഘട്ടത്തിന്റെ ജില്ലാതല ഉദ്ഘാടനം തൈക്കാട്ടുശ്ശേരി ഫെറിയിൽ പ്രിൻസിപ്പൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജി കെ കെ ബാലകൃഷ്ണൻ നിർവഹിച്ചു.

ജലാശയങ്ങളെ മലിനമാക്കുന്ന പ്രവർത്തികൾക്കെതിരെ നിലകൊള്ളേണ്ടത് ജനങ്ങളുടെ ഉത്തരവാദിത്തമാണെന്ന് അദ്ദേഹം പറഞ്ഞു. ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യ കൂമ്പാരമായതോടെ നമ്മുടെ നാട്ടിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വലിയ കുറവാണ് ഉണ്ടായത്. ഹൗസ് ബോട്ടുകളിൽ നിന്ന് പുഴയിലേക്ക് മാലിന്യം തള്ളുന്ന പ്രവണത തടയാൻ കർശന നടപടികൾ സ്വീകരിക്കണം. കായൽ സംരക്ഷിക്കാതെ മാലിന്യം തള്ളുന്ന പ്രവണത ഇനിയും തുടർന്നാൽ കിഴക്കിന്റെ വെനീസ് എന്ന ആലപ്പുഴയുടെ വിശേഷണം ഉടൻ നഷ്ടമാകുമെന്നും അദ്ദേഹം ഓർമിപ്പിച്ചു. കായൽ ശുചീകരണത്തിന് മുന്നിട്ടിറങ്ങിയ മത്സ്യത്തൊഴിലാളികളെ പ്രത്യേകം അഭിനന്ദിക്കുന്നതായും അദ്ദേഹം പറഞ്ഞു.

മത്സ്യത്തൊഴിലാളികൾക്ക് തുഴ കൈമാറി ജില്ലാ കളക്ടർ അലക്സ് വർഗീസ് പരിപാടി ഫ്ലാഗ് ഓഫ് ചെയ്തു. ജലാശയങ്ങൾ മാലിന്യം തള്ളാനുള്ള കേന്ദ്രങ്ങളാണെന്ന മനോഭാവം മാറ്റേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പുതിയ പഠനങ്ങളനുസരിച്ച് നിരന്തരമായ മാലിന്യ നിക്ഷേപങ്ങൾമൂലം കായലിന്റെ മൂന്നിൽ രണ്ട് ഭാഗവും നികന്നുവരുന്നു. ഇതുമൂലം വെള്ളപ്പൊക്ക ഭീഷണിയുമുണ്ട്. ഒരു മാസം ഒരു ലക്ഷത്തിൽപ്പരം പ്ലാസ്റ്റിക് കുപ്പികളാണ് നമ്മുടെ ജലാശയങ്ങളിൽ നിക്ഷേപിക്കപ്പെടുന്നത്. ജനകീയ ശുചീകരണത്തിന്റെ ഭാഗമായി സംഭരിക്കപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കൾ തരംതിരിച്ച് പ്രദർശിപ്പിച്ച് ബോധവൽക്കരണ പരിപാടികൂടി സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മേരി ടെൽഷ്യ ജില്ലാതല ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷയായി. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മേരി ടെൽഷ്യ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോളി രാജേന്ദ്രൻ, വൈസ് പ്രസിഡന്റ് സി ഒ ജോർജ്ജ്, സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളായ അനിത സോമൻ, ശൈലജ ഉദയപ്പൻ, കെ ജി സരുൺ, ബ്ലോക്ക് പഞ്ചായത്തംഗം എ യു അനീഷ്, അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ കേന്ദ്രം ഡയറക്ടർ കെ ജി പത്മകുമാർ, പഞ്ചായത്ത് സെക്രട്ടറി ആർ സുനിൽ, പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളികൾ, ആരോഗ്യപ്രവർത്തകർ, കുടുംബശ്രീ, ഹരിത കർമ്മസേന അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് ശുചീകരണം നടക്കുന്ന കായൽ കരയിലേക്ക് കായൽ സംരക്ഷണ മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകളുമായി റാലിയും സംഘടിപ്പിച്ചു. ശേഷം സ്ത്രീകളുൾപ്പെടെയുള്ള മത്സ്യത്തൊഴിലാളികൾ കുത്തിയതോട് കിഴക്ക് ഭാഗം മുതൽ തുറവൂർ മൂലയിൽ പുരയിടം തെക്കുവശം വരെ വള്ളങ്ങളിലും മറ്റുള്ള സന്നദ്ധപ്രവർത്തകർ കരയിലും ശുചീകരണപ്രവർത്തനങ്ങൾ നടത്തി. തുടർന്ന് ശേഖരിച്ച മാലിന്യങ്ങൾ താൽക്കാലികമായി മിനി എം.സി.എഫിലേക്ക് മാറ്റി. വരും ദിവസങ്ങളിൽ ഇവ ക്ലീൻ കേരള കമ്പനിക്ക് കൈമാറും.

സന്നദ്ധപ്രവർത്തകർ, മൽസ്യത്തൊഴിലാളികൾ, ഹരിതകർമ്മ സേന, കുടംബശ്രീ അംഗങ്ങൾ, മറ്റുള്ളവർ എന്നിവർ പങ്കാളികളായി 12 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച ശുചീകരണത്തിൽ കായലിൽ നിന്ന് മാലിന്യം നീക്കാനായി 314 വള്ളങ്ങൾ ഉപയോഗിച്ചു.

ശുചീകരണത്തിന്റെ ഭാഗമായവർക്ക് പ്രതിരോധ ഗുളികകൾ, കുടിവെള്ളം, പ്രാതൽ, മെഡിക്കൽ സംവിധാനങ്ങൾ, തുടങ്ങിയവ ശുചീകരണ കേന്ദ്രങ്ങളിൽ ഒരുക്കിയിരുന്നു.

പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ എഴുപുന്ന, കോടംതുരുത്ത്, പട്ടണക്കാട്, തുറവൂർ, പുളിങ്കുന്ന്, നീലംപേരൂർ, ചമ്പക്കുളം, വെളിയനാട്, രാമങ്കരി, തകഴി, അരൂക്കുറ്റി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് മെഗാ ശുചീകരണം നടന്നത്. ബാക്കി ഗ്രാമപഞ്ചായത്തുകളിൽ വരും ദിവസങ്ങളിൽ ശുചീകരണം നടത്തുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന ആലപ്പുഴ ജില്ലയിലെ 31 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് വിമുക്ത വേമ്പനാട് മെഗാ ക്യാമ്പയിൻ നടന്നുവരുകയാണ്. ഒന്നാം ഘട്ടത്തിൽ ആലപ്പുഴ, ചേർത്തല നഗരസഭകളിലും അരൂക്കുറ്റി, പാണാവള്ളി, പെരുമ്പളം, തൈക്കാട്ടുശ്ശേരി, ചേന്നംപള്ളിപ്പുറം, തണ്ണീർമുക്കം, മുഹമ്മ, മണ്ണഞ്ചേരി, ആര്യാട്, കൈനകരി ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത കായൽ ഭാഗങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ശുചീകരണയജ്ഞം സംഘടിപ്പിച്ചിരുന്നു. ആദ്യഘട്ടത്തിൽ 12 ടൺ പ്ലാസ്റ്റിക് മാലിന്യം നീക്കിയിരുന്നു.

# സംസ്ഥാനത്തെ വൈദ്യുതി സ്വയം പര്യാപ്തതയിലെത്തിക്കുക ലക്ഷ്യമെന്ന് മന്ത്രി കൃഷ്ണൻകുട്ടി

**തിരുവനന്തപുരം:** പുനരുപയോഗ ഊർജ്ജ സ്രോതസുകളുടെ ഉപയോഗം വ്യാപകമാക്കി അതിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിലൂടെ സ്വയം പര്യാപ്തതയിലെത്തുക എന്നതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി പറഞ്ഞു.

കേരള സർക്കാർ ഊർജ്ജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തൈക്കാട് പോലീസ് മൈതാനിയിൽ സംഘടിപ്പിക്കുന്ന രാജ്യാന്തര ഊർജമേളയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. രാജ്യത്തിനാകെ മാതൃകയായി കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ 50 ശതമാനവും 2030 ഓടു കൂടി പുനരുപയോഗ ഊർജ്ജ സ്രോതസുകളിൽ നിന്ന് കണ്ടെത്താനുള്ള തീവ്രശ്രമമാണ് നടന്നു വരുന്നത്. 2040ഓടെ 100 ശതമാനം പുനരുപയോഗ ഊർജ്ജാധിഷ്ഠിത സംസ്ഥാനമായും, 2050ഓടെ നെറ്റ് കാർബൺ ന്യൂട്രലായും മാറാനുള്ള പ്രവർത്തനങ്ങളാണ് വൈദ്യുതി വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനു പുറമേ, സംസ്ഥാനത്തെ പാർശവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങൾക്കും വനാന്തരങ്ങളിലെ ആദിവാസി സമൂഹങ്ങൾക്കും വികസനത്തിന്റെ വെളിച്ചം എത്തിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ 30 ശതമാനം മാത്രമാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നത്. സംസ്ഥാനം പുറത്ത് നിന്നും വാങ്ങുന്ന വൈദ്യുതിയിൽ ഭൂരിഭാഗവും ഫോസിൽ ഇന്ധനങ്ങൾ അധിഷ്ഠിതമായി ഉൽപ്പാദിപ്പിക്കപ്പെട്ടതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിത് വരെ വൈദ്യുതി ഉൽപ്പാദന ശേഷിയിൽ 1359.55 മെഗാവാട്ടിന്റെ വർധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ 148.55 മെഗാവാട്ട് ജല വൈദ്യുത പദ്ധതികളിൽ നിന്നും ബാക്കി സൗരോർജ്ജ പദ്ധതികളിൽ നിന്നുമാണ്. 2027 ഓടു കൂടി 3000 മെഗാവാട്ട് സൗരോർജം, കാറ്റിൽ നിന്നുള്ള വൈദ്യുതി എന്നിവയിൽ നിന്നും, 1500 മെഗാവാട്ട് ജല വൈദ്യുത പദ്ധതികളിൽ നിന്നും പൂർത്തിയാക്കി.

ഊർജ്ജ സുരക്ഷ, സുസ്ഥിരവികസനം, സ്വയം പര്യാപ്തത ഇവ മുന്നിൽ കണ്ടുകൊണ്ടാണ് നമ്മുടെ ഊർജ്ജമേഖലയിലെ പ്രവർത്തനം മുന്നോട്ടു പോകുന്നത്. മാറ്റത്തിനായി പുതിയ നയങ്ങളും പുതിയ സാങ്കേതിക വിദ്യകളും ആവശ്യമാണ്. എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിൽ രാജ്യാന്തര ഊർജമേളയുടെ രണ്ടാം എഡിഷന് ഊർജ്ജ കാര്യക്ഷമതയുടെ പുതിയ മാതൃകകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാർ കഴിയുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകളുടെ വിതരണവും അവാർഡ് ബുക്ക് ലെറ്റിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

ഊർജ്ജ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ.ആർ ഹരികുമാർ സ്വാഗതമാശംസിച്ചു. സംസ്ഥാന ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി വിനോദ്, എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ സുഭാഷ് ബാബു ബി വി എന്നിവർ സംബന്ധിച്ചു.

കാർബൺ രഹിത കേരളം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ മേള സംഘടിപ്പിക്കുന്നത്. ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ആഗോള സഹകരണം ശക്തമാക്കുക എന്നിവയാണ് ഈ വർഷത്തെ ഊർജ്ജ മേളയുടെ പ്രധാന ലക്ഷ്യം. മേളയോടനുബന്ധിച്ച് കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകളുടെ വിതരണം, സാങ്കേതിക സെഷനുകൾ, പാനൽ ചർച്ചകൾ, വിവിധ തരം പരിശീലന സെഷനുകൾ, കേരള സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ്സ് മത്സരങ്ങൾ, പൊതു പ്രദർശനം, വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി മെഗാ ക്വിസ് തുടങ്ങിയവ നടക്കും.

മേള ഫെബ്രുവരി 9 ന് സമാപിക്കും.

# തദ്ദേശവകുപ്പിലെ സ്വരാജ് മാധ്യമ അവാർഡിന് അപേക്ഷിക്കാം

**കൊച്ചി:** തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്വരാജ് മാധ്യമ പുരസ്ക്കാരത്തിന് അപേക്ഷിക്കാം. അച്ചടി മേഖലയിലെ മികച്ച രണ്ട് വാർത്തയ്ക്കും ടെലിവിഷൻ രംഗത്തെ ഒരു വാർത്തയ്ക്കുമാണ് പുരസ്ക്കാരം. 25000 രൂപയും പ്രശസ്തി പത്രവും മൊമന്റോയുമാണ് അവാർഡ്.

മാലിന്യമുക്തം നവകേരളം ക്യാമ്പെയിനുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ചതും ന്യൂസ് ചാനലുകളിൽ സംപ്രേഷണം ചെയ്തതുമായ വാർത്തകൾക്കാണ് അവാർഡ്. വിഷയത്തിൽ ക്യാമ്പെയ്ൻ ആരംഭിച്ചതു മുതൽ 2025 ജനുവരി 31വരെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതും ന്യൂസ് ചാനലുകളിൽ സംപ്രേഷണം ചെയ്തതുമായ വാർത്തകൾ പരിഗണിക്കും. ഒരാൾക്ക് ഒരു എൻട്രി മാത്രം. പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒറിജിനൽ കട്ടിങ്ങിനു പുറമേ മൂന്നു പകർപ്പുകൾ കൂടി അയയ്ക്കണം.

ടിവി വാർത്താ വിഭാഗത്തിൽ മലയാളം ടിവി ചാനലുകളിലെ വാർത്താ ബുള്ളറ്റിനിൽ സംപ്രേഷണം ചെയ്ത അഞ്ചുമിനിറ്റിൽ കവിയാത്ത റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത്. എൻട്രികൾ ഡിവിഡിയിലോ (മൂന്നു കോപ്പി), പെൻഡ്രൈവിലോ നൽകാം. ഓരോ എൻട്രിയോടൊപ്പവും ടൈറ്റിൽ, ഉള്ളടക്കം, ദൈർഘ്യം, വിവരണപാഠം എന്നിവ എഴുതി നൽകണം.

പ്രസിദ്ധപ്പെടുത്തിയ പത്രം/ടിവി ചാനൽ എന്നിവയുടെ പേര്, തീയതി, മാധ്യമപ്രവർത്തകന്റെ കളർ ഫോട്ടോ, മേൽവിലാസം, ഫോൺനമ്പർ എന്നിവ അടങ്ങിയ ബയോഡാറ്റ എൻട്രിയോടൊപ്പം മറ്റൊരു പേജിൽ ചേർത്തിരിക്കണം.

അവാർഡിന് അയക്കുന്ന എൻട്രി അപേക്ഷകൻ തയാറാക്കിയതാണെന്നതിന് ന്യൂസ് എഡിറ്ററുടേയോ മറ്റു അധികാരിയുടേയോ സാക്ഷ്യപത്രവും വയ്ക്കണം. കവറിന് പുറത്ത് സ്വരാജ് മാധ്യമപുരസ്ക്കാരം 2025 അപേക്ഷ എന്ന് രേഖപ്പെടുത്തിയിരിക്കണം.

എൻട്രികൾ 2025 ഫെബ്രുവരി 12 നകം ചീഫ് ഓഫീസർ, പബ്ലിക് റിലേഷൻസ്, എൽ എസ് ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം 695003 വിലാസത്തിൽ ലഭിക്കണം. lsgdpr2024@gmail.com ഇമെയിൽ വിലാസത്തിലും അയക്കാം.

# സംസ്ഥാനത്തെ ഏറ്റവും വലിയ അക്ഷയ കേന്ദ്രം തുറന്നു

**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ അക്ഷയ കേന്ദ്രം എറണാകുളം ജില്ലയിലെ വെങ്ങോല ഗ്രാമപഞ്ചായത്തിലെ അറക്കപ്പടിയിൽ തുറന്നു. ആറായിരം ചതുരശ്രയടിയുള്ള പുതിയ മന്ദിരത്തിലാണ് അക്ഷയ കേന്ദ്രം ഒരുക്കിയിരിക്കുന്നത്.

പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എ നിർവ്വഹിച്ചു. നിലവിൽ അറയ്ക്കപ്പടി ജംഗ്ഷനിൽ പ്രവർത്തിച്ചു വന്നിരുന്ന അക്ഷയ കേന്ദ്രമാണ് വിപുലമായ സൗകര്യങ്ങളോടെ മാവേലി സ്റ്റോറിന് എതിർവശത്തേക്ക് മാറ്റി സ്ഥാപിച്ചത്. വി. എച്ച് അജാസ് എന്ന സംരംഭകന്റെ നേതൃത്വത്തിൽ ആകെ 50 ജീവനക്കാരാണ് ഈ അക്ഷയ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നത്.

ഉദ്ഘാടന ചടങ്ങിൽ എൽദോസ് കുന്നപ്പിള്ളിൽ എം.എൽ.എ. അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.പി എൽദോസ്, മറ്റു ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ഐ.ടി മിഷൻ ജില്ലാ പ്രൊജക്ട് മാനേജർ ചിഞ്ചു സുനിൽ ആമുഖ പ്രഭാഷണം നടത്തി. അക്ഷയ കേന്ദ്രത്തിലെ ആധാർ സേവ കേന്ദ്രത്തിന്റെ സ്വിച്ച് ഓൺ കർമ്മം യു.ഐ.ഡി സ്റ്റേറ്റ് അഡ്മിൻ എൻ.ആർ പ്രേമ നിർവഹിച്ചു. ജില്ലയിലെ മുതിർന്ന അക്ഷയ സംരംഭകരെ ചടങ്ങിൽ ആദരിച്ചു.

# കേരള രാജ്യാന്തര ഊർജമേള: എൽ.ഇ.ഡി റിപ്പയറിങ് പരിശീലനം സംഘടിപ്പിച്ചു

**കൊച്ചി:** എനർജി മാനേജ്മന്റ് സെന്റർ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരളയ്ക്ക് തുടക്കം കുറിച്ചു കൊണ്ട് തിരുവനന്തപുരം തൈക്കാട് പോലീസ് മൈതാനിയിൽ ഹരിതകർമ സേന അംഗങ്ങൾക്കായി മെഗാ എൽഇഡി ബൾബ് റിപ്പയറിംഗ് പരിശീലന പരിപാടി സംഘടിപ്പിച്ചു.

നവകേരളം കർമ പദ്ധതി കോർഡിനേറ്റർ ടി എൻ സീമ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. വിവിധ ജില്ലകളിലുള്ള എഴുന്നൂറോളം ഹരിതകർമസേന അംഗങ്ങൾ പരിപാടിയുടെ ഭാഗമായി. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് വരുമാന മാർഗം കണ്ടെത്താൻ സാധിക്കുന്ന രീതിയിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

എനർജി മാനേജ്മെന്റ് സെന്റർ റിസോഴ്സ് പേഴ്സൺ സാബിർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. തിരുവനന്തപുരം എൽ.ബി.എസ് കോളേജിലെ അൻപതോളം വിദ്യാർഥിനികൾ പരിശീലന പരിപാടി ഏകോപിപ്പിച്ചു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കും.

എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ ആർ ഹരികുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമ പദ്ധതി അസ്സിസ്റ്റന്റ് കോർഡിനേറ്റർ ടി പി സുധാകരൻ, എനർജി മാനേജ്മെന്റ് സെന്റർ രജിസ്ട്രാർ ബി വി സുഭാഷ് എന്നിവർ സംസാരിച്ചു.

# ചേർത്തലയിലെ വിവിധ പദ്ധതികൾക്ക് ബജറ്റിൽ 16.8 കോടി: മന്ത്രി പി. പ്രസാദ്

**ആലപ്പുഴ:** ചേർത്തല മണ്ഡലത്തിലെ വിവിധ പദ്ധതികൾക്കായി 16.8 കോടി രൂപ ബജറ്റിൽ അനുവദിച്ചതായി കൃഷി മന്ത്രി പി. പ്രസാദ് അറിയിച്ചു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിന്റെ പശ്ചാത്തലത്തിലും മികച്ച ജനക്ഷേമ ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. ബജറ്റ് ചേർത്തല മണ്ഡലത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഊർജ്ജമേകും. ചേർത്തല വല്ലയിൽ ചമ്പക്കാട് റോഡ് പുനർനിർമ്മാണം രണ്ടാം ഘട്ടം 4 കോടി, ചേർത്തല ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ജംഗ്ഷൻ മുതൽ മരുത്തോർവട്ടം ടി.എം.എം.സി കമ്പനി ജംഗ്ഷൻ റോഡ് പുനർനിർമ്മാണം4 കോടി, കാളികുളം മുട്ടത്തി പറമ്പ് റോഡ് പുനർനിർമ്മാണം രണ്ടാം ഘട്ടം 3 കോടി, വെള്ളക്കെട്ട് നിവാരണത്തിന് അന്ധകാരനഴി പൊഴിച്ചാലിന് തെക്കോട്ട് ആഴം കൂട്ടി നവീകരിക്കുന്നതിന് 2.5 കോടി, തണ്ണീർമുക്കം ഗുണ്ടു വളവ് ശങ്കർ ജംഗ്ഷൻ റോഡ് പുനർനിർമ്മാണത്തിന് 1.8 കോടി, മരുത്തോർവട്ടം ഗവ. എൽ പി സ്കൂൾ അടിസ്ഥാന സൗകര്യ വികസനത്തിന് 1.5 കോടി എന്നീ പ്രവൃത്തികൾക്കാണ് ബജറ്റിൽ പണമനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയത്. ചേർത്തലയിലെ പ്രധാന പാതകളുടെ രണ്ടാം ഘട്ടം പൂർത്തിക്കുന്നതോടെ റോഡുകളിലെ വെള്ളക്കെട്ട് പരിഹരിക്കപ്പെടുകയും തുടർച്ചയുള്ള സുഗമമായ യാത്ര ഉറപ്പാവുകയും ചെയ്യും. കാളികുളം മുട്ടത്തിപറമ്പ് റോഡ്, ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ജംഗ്ഷൻ മരുത്തോർവട്ടം ടി എം എംസി ജംഗ്ഷൻ റോഡ് എന്നിവയുടെ പൂർത്തീകരണത്തോടെ ദേശീയപാത ഒഴിവാക്കി ടൗണിന്റെ കിഴക്ക് ഭാഗത്തിലൂടെ ആലപ്പുഴ ഭാഗത്തേക്ക് മികച്ച റോഡ് ലഭ്യമാകും. നേരത്തേ തന്നെ പണമനുവദിച്ച് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള ചെങ്ങണ്ട കാളികുളം റോഡിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ അരൂക്കുറ്റി ഭാഗത്തുനിന്നുള്ള വാഹനങ്ങൾ ചേർത്തല നഗരത്തിൽ പ്രവേശിക്കാതെ സുഗമമായി കോട്ടയം,ആലപ്പുഴ ഭാഗത്തേക്ക് പോകാനാവും. ചേർത്തലയ്ക്ക് മികച്ച റോഡ് ശൃംഖല ഉറപ്പാക്കുന്നതാണ് ബഡ്ജറ്റ്. സർക്കാരിന്റെ കഴിഞ്ഞ 3 ബജറ്റിലൂടെ 59 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ച് നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും കൃഷി മന്ത്രി പറഞ്ഞു. ബജറ്റ് പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് ധനമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

## ഡിജിറ്റൽ വിള സർവെ വോളന്റിയറാകാം

**ആലപ്പുഴ:** കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടത്തുന്ന ഡിജിറ്റൽ വിള സർവെ' പരിപാടിയിലേക്ക് കാർത്തികപ്പള്ളി വില്ലേജ്, ഗ്രാമപഞ്ചായത്ത് പരിധിയിലേക്ക് സർവെ വോളന്റീയർമാരെ ആവശ്യമുണ്ട്. പഞ്ചായത്തിലെ ഓരോ വാർഡിലെയും സർവെ നമ്പർ പ്രകാരം സ്ഥലം സന്ദർശിച്ചു വിളകൾ, കൃഷിയിടങ്ങൾ എന്നിവയുടെ ഫോട്ടോ, വിവരങ്ങൾ തുടങ്ങിയവ ശേഖരിച്ച് ആൻഡ്രോയിഡ് മൊബൈൽ ഫോൺ ആപ്പിൽ അപ് ലോഡ് ചെയ്യുന്നതാണ് സർവെ രീതി. താല്പര്യമുള്ള പത്താം ക്ലാസ്, പ്ലസ് ടു വിദ്യാഭ്യാസമുള്ള സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ പ്രാവീണ്യമുള്ളവർക്ക് അപേക്ഷിക്കാം. ഫെബ്രുവരി 25ന് മുമ്പ് വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, ആധാർ കാർഡ്, വിദ്യാഭ്യാസ രേഖ , ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ സഹിതം കൃഷി ഭവനിൽ സമർപ്പിക്കണം.

## ദേശീയ യൂത്ത് സെമിനാർ

**കൊല്ലം:** സംസ്ഥാന യുവജന കമ്മീഷൻ മാർച്ച് മൂന്ന്, നാല് തീയതികളിൽ മോഡേൺ വേൾഡ് ഓഫ് വർക്ക് ആന്റ് യൂത്ത് മെന്റൽ ഹെൽത്ത്' വിഷയത്തിൽ തിരുവനന്തപുരത്ത് ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കും. 18 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾ ഫെബ്രുവരി 15 നകം ബയോഡേറ്റയും ഫോട്ടോയും സഹിതം അപേക്ഷിക്കണം. അക്കാഡമിക് രംഗങ്ങളിലും അക്കാഡമിക്കേതര പ്രവർത്തനങ്ങളിലും മികവു പുലർത്തിയവർക്കും തൊഴിൽ തൊഴിൽ അവകാശങ്ങൾ, തൊഴിലും മാനസികാരോഗ്യവും തുടങ്ങിയ മേഖലയിൽ പ്രാവീണ്യമുള്ളവർക്കും മുൻഗണന. സെമിനാർ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താല്പര്യമുള്ളവർ പ്രബന്ധസംഗ്രഹം കൂടി സമർപ്പിക്കണം. അപേക്ഷകൾ skycyouthseminar@gmail.com ലോ കേരള സംസ്ഥാനയുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം. ജി, തിരുവനന്തപുരം 33 വിലാസത്തിലോ നൽകണം. ഫോൺ, 8086987262, 04712308630.

## ഖാദി സ്പെഷ്യൽ റിബേറ്റ്

**കൊല്ലം:** സർവോദയപക്ഷത്തോടനുബന്ധിച്ച് ഖാദി വസ്ത്രങ്ങൾക്ക് ഫെബ്രുവര 10 മുതൽ 14 വരെ സ്പെഷ്യൽ റിബേറ്റ് അനുവദിക്കും. കോട്ടൺ, സിൽക്ക് വസ്ത്രങ്ങൾക്ക് 30 ശതമാനം വരെയും, പോളിവസ്ത്രം, വുള്ളൻ തുണിത്തരങ്ങൾക്ക് 20 ശതമാനം വരെയും റിബേറ്റ് ലഭിക്കും. കർബല ഖാദി ഗ്രാമ സൗഭാഗ്യ, കൊട്ടാരക്കര പുലമൺ ജംഗ്ഷൻ, മൊബൈൽ സെയിൽസ് വാൻ എന്നിവിടങ്ങളിൽ നിന്നും വാങ്ങാം. സർക്കാർ, അർധ സർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യമുണ്ട്. ഫോൺ: 0474 2742587.

# ശിവരാത്രി ഉത്സവത്തിന് ആലുവ ഒരുങ്ങുന്നു



**ആലുവ:** 26നു നടക്കുന്ന ശിവരാത്രി ആഘോഷം ഇക്കൊല്ലവും ഹരിത പ്രോട്ടോക്കോൾ പ്രകാരം നടത്താൻ നഗരസഭാധ്യക്ഷൻ എം.ഒ. ജോണിന്റെ അധ്യക്ഷതയിൽ ചേർന്ന വിവിധ സർക്കാർ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം തീരുമാനിച്ചു.

ജനങ്ങളുടെ സുരക്ഷയ്ക്കും നിയന്ത്രണത്തിനും 14 ഡിവൈഎസ്പിമാരുടെ നേതൃത്വത്തിൽ 1500 പൊലീസുകാരെ നിയോഗിക്കും. മണപ്പുറത്തും നഗരത്തിലും കർശനമായ നിരീക്ഷണം ഉണ്ടാകും. 4 വാച്ച് ടവറുകളും സിസിടിവി ക്യാമറകളും മണപ്പുറത്തു സ്ഥാപിക്കും. മണപ്പുറത്തേക്കുള്ള കൊട്ടാരക്കടവ് റോഡിലും നടപ്പാലത്തിലും ഇരുവശത്തേക്കും പ്രവേശനം അനുവദിക്കും. പൊലീസ് ക്യാംപിനു വേണ്ടി 25 മുതൽ 27 വരെ നഗരസഭയുടെ 2 ടൗൺ ഹാളുകളും വിട്ടുനൽകും.

മൂന്നു സ്റ്റേഷൻ ഓഫിസർമാരുടെ നേതൃത്വത്തിൽ 40 അംഗ അഗ്നിരക്ഷാസേനയും 50 സിവിൽ ഡിഫൻസ് വൊളന്റിയർമാരും അടങ്ങിയ 2 ടീമുകൾ 24 മണിക്കൂറും രംഗത്തുണ്ടാകും. മണപ്പുറവും പ്രിയദർശിനി ടൗൺ ഹാളും കേന്ദ്രീകരിച്ചു 2 ടീമുകളായാണ് ഇവർ പ്രവർത്തിക്കുക. പുഴയിലെ രക്ഷാപ്രവർത്തനത്തിനു 2 സ്കൂബ ടീമിനെ നിയോഗിക്കും. അടിയന്തര ഘട്ടങ്ങളിൽ വെളിച്ചക്കുറവുള്ള ഭാഗങ്ങളിൽ ഉപയോഗിക്കുന്നതിനു പൊലീസിന്റെയും അഗ്നിരക്ഷാസേനയുടെയും പക്കലുള്ള 'മൊബൈൽ അസ്ക ലൈറ്റുകൾ' സജ്ജീകരിക്കും. ഇതിനാവശ്യമായ ഇന്ധനം നഗരസഭ നൽകും.

ശിവരാത്രി വേളയിൽ വൈദ്യുതി വിതരണം തടസ്സപ്പെടാതിരിക്കാൻ കെഎസ്ഇബി കൂടുതൽ ജീവനക്കാരെ നിയമിക്കും. നഗരത്തിലെ മുഴുവൻ വഴിവിളക്കുകളും തെളിക്കാൻ നടപടി സ്വീകരിക്കുന്നതിനൊപ്പം ആവശ്യമായ സ്ഥലങ്ങളിൽ താൽക്കാലിക ലൈറ്റുകളും സ്ഥാപിക്കും.

പൊതുമരാമത്ത് വകുപ്പ് നഗരത്തിൽ നടത്തിവരുന്ന കാനയുടെ നവീകരണവും ഫുട്പാത്ത് നിർമാണവും ശിവരാത്രിക്കു മുൻപു പൂർത്തിയാക്കും. നഗരത്തിലെ കവറിങ് സ്ലാബുകൾ പരിശോധിച്ചു കാൽനടക്കാരുടെ സുരക്ഷ ഉറപ്പുവരുത്തും.

കെഎസ്ആർടിസി സ്പെഷൽ ബസ് സർവീസുകൾ നടത്തും. മണപ്പുറത്ത് താൽക്കാലിക ബസ് സ്റ്റേഷനും ഗാരിജും നഗരസഭ നിർമിച്ചു നൽകും. സ്വകാര്യ ബസുകളും ശിവരാത്രി സ്പെഷൽ സർവീസ് നടത്തും.

ഗതാഗത ഡപ്യൂട്ടി കമ്മിഷണറുടെയും 2 ആർടിഒമാരുടെയും നേതൃത്വത്തിൽ മോട്ടർ വാഹന വകുപ്പിന്റെ 25 സ്ക്വാഡുകൾ പട്രോളിങ് നടത്തും.

ശുദ്ധജലത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്താൻ വാട്ടർ അതോറിറ്റി ഗുണനിലവാര പരിശോധന നടത്തും. 2 ജീവനക്കാരെ ഇതിനായി മണപ്പുറത്ത് നിയോഗിക്കും. താൽക്കാലിക അത്യാഹിത യൂണിറ്റുമായി ജില്ലാ ആശുപത്രിയുടെ മെഡിക്കൽ ടീം മണപ്പുറത്ത് ഉണ്ടാകും. പ്രാഥമിക ചികിത്സയ്ക്കുള്ള സജ്ജീകരണങ്ങളാണ് ഇവിടെ ഒരുക്കുക. മണപ്പുറത്തും നഗരത്തിൽ ജനത്തിരക്കുള്ള ഭാഗങ്ങളിലും ആംബുലൻസ് സേവനം ലഭ്യമാക്കും. എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ ടീം രൂപീകരിക്കും. എക്സൈസിന്റെ ഷാഡോ ടീമും ഉണ്ടാകും.താലൂക്ക് സപ്ലൈ ഓഫിസ്, ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷ അധികൃതർ നഗരത്തിലും മണപ്പുറത്തും സംയുക്ത പരിശോധന നടത്തും. ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രത്യേക പരിശോധനയും ഉണ്ടാകും. വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നവ അപ്പോൾ തന്നെ അടച്ചുപൂട്ടും. ദക്ഷിണ റെയിൽവേ പ്രത്യേക സർവീസ് നടത്തുന്നതിനൊപ്പം കൂടുതൽ ട്രെയിനുകൾക്ക് ആലുവയിൽ സ്റ്റോപ്പും അനുവദിക്കും. കൊച്ചി മെട്രോ കൂടുതൽ സമയം സർവീസ് നടത്തും.

ശിവരാത്രിക്കു നഗരത്തിൽ ഡ്രൈഡേ പ്രഖ്യാപിക്കാൻ നടപടി എടുക്കും. ഗതാഗതക്കുരുക്ക് പരിഗണിച്ചു ശിവരാത്രിപ്പിറ്റേന്നു നഗരത്തിലെ സ്കൂളുകൾക്കു പ്രാദേശിക അവധി പ്രഖ്യാപിക്കണമെന്നു ജില്ലാ ഭരണകൂടത്തോട് ആവശ്യപ്പെടും. തഹസിൽദാർ ഡിക്സി ഫ്രാൻസിസ്, അഡീഷനൽ എസ്പി എം. കൃഷ്ണൻ, കെഎസ്ഇബി എക്സിക്യൂട്ടീവ് എൻജിനീയർ ഹുസ്ന മുംതാസ്, ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. സ്മിജി ജോർജ്, ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ വി.ആർ. ജ്യോതി, ജോയിന്റ് ആർടിഒ കെ.എസ്. ബിനേഷ്, കെഎസ്ആർടിസി എടിഒ പി.എൻ. സുനിൽകുമാർ, പൊതുമരാമത്ത് വകുപ്പ് അസി. എൻജിനീയർ ട്രീസ സെബാസ്റ്റ്യൻ, ഫുഡ് സേഫ്റ്റി ഓഫിസർ ഡോ. സി.വിന്നി, എടിഎസ്ഒ ജോസ് ആന്റണി, അസി. എക്സൈസ് ഇൻസ്പെക്ടർ എസ്.എ.സനിൽകുമാർ, കെഎംആർഎൽ പ്രതിനിധി കെ.എം. ജിജിമോൻ, വാട്ടർ അതോറിറ്റി പ്രതിനിധി കെ.എ.നൗഷാദ്, നഗരസഭ ഉപാധ്യക്ഷ സൈജി ജോളി മൂത്തേടൻ, സ്ഥിരസമിതി അധ്യക്ഷരായ ഫാസിൽ ഹുസൈൻ, എം.പി. സൈമൺ, ലിസ ജോൺസൺ, മിനി ബൈജു, കൗൺസിലർമാരായ ദിവ്യ സുനിൽകുമാർ, കെ. ജയകുമാർ, ജയ്സൺ പീറ്റർ, ഷമ്മി സെബാസ്റ്റ്യൻ, എൻ.ശ്രീകാന്ത്, ശ്രീലത രാധാകൃഷ്ണൻ, നഗരസഭാ സെക്രട്ടറി പി.ജെ. ജെസിത എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയണം

**ആലപ്പുഴ:** വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലെ ടെക്സ്റ്റയിൽസ്, ജ്വല്ലറികൾ, സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിലെ മാനേജ്മെന്റിനും ജീവനക്കാർക്കുമായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച കനൽ ക്യാമ്പയിൻ 2.0 പോഷ് ആക്ട് അവബോധ പരിപാടി ജില്ലാ കലക്ടർ എൻ ദേവിദാസ് ഉദ്ഘാടനം ചെയ്തു. ജോലി സ്ഥലങ്ങളിൽ സ്ത്രീകൾ നേരിടുന്ന മാനസിക ശാരീരിക ചൂഷണങ്ങൾ തടയണമെന്ന് അദ്ദേഹം പറഞ്ഞു. സ്ത്രീകൾക്ക് ലഭ്യമാകേണ്ട നിയമ സംരക്ഷണവും നീതിയും ഉറപ്പാക്കേണ്ടത് ഏവരുടെയും ഉത്തരവാദിത്തമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. വനിതാ ശിശു വികസന ഓഫീസർ പി ബിജി അധ്യക്ഷയായി. വിമൻ പ്രൊട്ടക്ഷൻ ഓഫീസർ എ വി ഷീജ സ്വാഗതം പറഞ്ഞു. മുൻ വിമൻ പ്രൊട്ടക്ഷൻ ഓഫീസർ അഡ്വ പ്രസന്ന കുമാരി പോഷ് ആക്ട് അവബോധ ക്ലാസെടുത്തു.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതത്വ ബോധത്തോടെ ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കിയ നിയമമാണ് പോഷ്. ഇത് സംബന്ധിച്ച് സ്ത്രീ ജീവനക്കാർക്ക് ഏതൊക്കെ രീതിയിലുള്ള സംരക്ഷണമാണ് നൽകുന്നത്, തൊഴിലിടങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആഭ്യന്തര കമ്മിറ്റി ഓരോ വ്യാപാര സ്ഥാപനങ്ങളിലും രൂപീകരിക്കേണ്ടതിന്റെ ആവശ്യകത, പോഷ് ആക്ടിന്റെ നിയമവശങ്ങൾ, പരാതി നൽകുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ, പിഴ എന്നിവ വിശദീകരിച്ചു. ജില്ലയിലെ ഓരോ സ്വകാര്യ സ്ഥാപനങ്ങളിലും ജീവനക്കാരുടെ പരാതി പരിഹരിക്കാൻ ഇന്റേണൽ കംപ്ലയന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് അവബോധം നൽകുകയാണ് പരിപാടിയുടെ ലക്ഷ്യം.

ലിംഗാധിഷ്ഠിത അതിക്രമം, വ്യക്തിഗത അതിരുകളും കംഫർട്ട് സോണുകളും, ലൈംഗിക അതിക്രമവും അനുവാദവും, സ്ത്രീകൾക്കെതിരെയുള്ള പ്രസ്താവനകൾ, ലൈംഗിക അതിക്രമം, കംപ്ലയന്റ് കമ്മിറ്റി പ്രവർത്തനം, പരാതിക്കാർക്കുള്ള നഷ്ടപരിഹാരം തുടങ്ങിയവയും അവതരിപ്പിച്ചു. ജില്ലയിലെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നൂറിലധികം ജീവനക്കാർ അവബോധ പരിപാടിയിൽ പങ്കെടുത്തു.

# ജിമ്മി ഷെർഗിലുമായുള്ള പങ്കാളിത്തം തുടരും എച്ച്എംഡി



**കൊച്ചി:** സിനിമാതാരം ജിമ്മി ഷെർഗിലുമായുള്ള പങ്കാളിത്തം തുടരുമെന്ന് പ്രഖ്യാപിച്ച് ഹ്യൂമൻ മൊബൈൽ ഡിവൈസസ് (എച്ച്എംഡി). രാജ്യത്തുടനീളമുള്ള ഉപഭോക്താക്കളിൽ വലിയ സ്വാധീനമുണ്ടാക്കിയ ഖൂബ് ചലേഗ ക്യാമ്പയിന്റെ ശ്രദ്ധേയമായ വിജയത്തെ തുടർന്നാണ് ഈ പങ്കാളിത്ത വിപുലീകരണമെന്നും കമ്പനി അറിയിച്ചു. ദശലക്ഷക്കണക്കിന് ഇന്ത്യക്കാരെ വിശ്വസനീയവും നൂതനവുമായ ആശയവിനിമയ ഉപകരണങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള എച്ച്എംഡിയുടെ ദൗത്യത്തിലെ സുപ്രധാന നാഴികക്കല്ലായിരുന്നു ജിമ്മി ഷെർഗിലുമായുള്ള ആദ്യ സഹകരണം എച്ച്എംഡിയുടെ പ്രതിബദ്ധതയുമായി ജിമ്മി ഷെർഗിലിന്റെ ആധികാരിക വ്യക്തിത്വം തികച്ചും സംയോജിക്കുകയും, പ്രാരംഭ സഹകരണം ശക്തമായ അടിത്തറ സ്ഥാപിക്കുകയും ചെയ്തു.

ഇതേതുടർന്നാണ് ഇന്ത്യയിൽ എച്ച്എംഡിയുടെ ഫീച്ചർ ഫോൺ നിരയുടെ മുഖമായി ജിമ്മി ഷെർഗിലിന് തന്നെ തുടർച്ച നൽകാൻ ബ്രാൻഡിനെ പ്രേരിപ്പിച്ചത്. സഹകരണ വിപുലീകരണത്തെ തുടർന്ന് എച്ച്എംഡിയുടെ ഫീച്ചർ ഫോണുകളുമായി ബന്ധപ്പെട്ട് വിവിധ പ്ലാറ്റ്ഫോമുകളിലുടനീളം വരാനിരിക്കുന്ന ക്യാമ്പയിനുകളിൽ ജിമ്മി ഷെർഗിൽ പ്രത്യക്ഷപ്പെടും.

ജിമ്മി ഷെർഗിലുമായുള്ള തങ്ങളുടെ ബന്ധം വിപുലീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് എച്ച്എംഡി ഇന്ത്യ ആൻഡ് എപിഎസി വൈസ് പ്രസിഡന്റ് രവി കുൻവാർ പറഞ്ഞു. പ്രേക്ഷകരുമായുള്ള അദ്ദേഹത്തിന്റെ ബന്ധവും വിശ്വസനീയമായ സ്ക്രീൻ സാനിധ്യവും തങ്ങളുടെ ബ്രാൻഡ് ദൗത്യവും നൂതന നിലയും വലിയ തോതിൽ ആളുകൾക്കിടയിലേക്കെത്തിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# അസറ്റ് കൻസാര സാംപ്ൾ ഫ്ളാറ്റ് തുറന്നു

**തിരുവനന്തപുരം:** കാര്യവട്ടത്ത് ടെക്നോപാർക്കിനു സമീപം നിർമാണം പുരോഗമിക്കുന്ന അസറ്റ് ഹോംസിന്റെ 2, 3, 4 ബിഎച്ച്കെ ലക്ഷ്വറി അപ്പാർട്ട്മെന്റ് പദ്ധതിയായ അസറ്റ് കൻസാരയുടെ സാംപ്ൾ ഫ്ളാറ്റ് തുറന്നു. അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി., ജോയിന്റ് വെഞ്ച്വർ പാർട്ണർ സേവ്യർ ലൂക്ക് ഫെർണാണ്ടസ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. 75 സെന്റിൽ വിശാലമായ ഓപ്പൺ സ്പേസ് സൗകര്യങ്ങളോടെ നിർമിക്കുന്ന 96 ലക്ഷ്വറി അപ്പാർട്ട്മെന്റുകളുടെ പദ്ധതിയായ അസറ്റ് കൻസാര 2025 ഡിസംബറോടെ നിർമാണം പൂർത്തിയാക്കി ഉടമകൾക്ക് കൈമാറുമെന്ന് സുനിൽ കുമാർ പറഞ്ഞു.18 വർഷത്തിനുള്ളിൽ അസറ്റ് ഹോംസ് 84 പദ്ധതികൾ നിർമാണം പൂർത്തിയാക്കി ഉടമകൾക്ക് കൈമാറി. സംസ്ഥാനത്തെ 9 ജില്ലയിലായി 32 പദ്ധതികൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലുണ്ട്. വിവരങ്ങൾക്ക് assethomes.in

# വാലന്റൈൻ ദിന സിംഗിൾസ് വീക്കെൻഡ് ഓഫറുകളുമായി വണ്ടർല

**കൊച്ചി :** രാജ്യത്തെ ഏറ്റവും വലിയ അമ്യൂസ്മെന്റ് പാർക്ക് ശൃംഖലയായ വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് വാലന്റൈൻ ദിനത്തിന്റെ ഭാഗമായി കൊച്ചി പാർക്കിൽ പ്രത്യേക ഓഫറുകളും ആഘോഷപരിപാടികളും പ്രഖ്യാപിച്ചു. ഫെബ്രുവരി 7 മുതൽ 16 വരെ നീണ്ടുനിൽക്കുന്ന ആഘോഷത്തിൽ ദമ്പതികൾക്കായി പ്രത്യേക പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. പാർക്ക് സന്ദർശിക്കാൻ എത്തുന്ന സിംഗിൾസിനും ഈ വർഷം വണ്ടർല പ്രത്യേക പാക്കേജുകൾ ഒരുക്കിയിട്ടുണ്ട്.ദമ്പതികൾക്കായി ഫെബ്രുവരി 7 മുതൽ 14 വരെ വണ്ടർല ഒരുക്കുന്ന സ്കൈ വീൽ ഡൈൻ പനോരമിക് കാഴ്ചാനുഭവത്തോടെയുള്ള ഭക്ഷണ വിരുന്നായിരിക്കും. വാലന്റൈൻ ദിനമായ 14ന് വേവ് പൂൾ ഡിന്നർ, തത്സമയ സംഗീതം, വിനോദപരിപാടികൾ എന്നിവയൊക്കെ ഒത്തുചേരുന്ന സായാഹ്നമാണ് ദമ്പതികളെ കാത്തിരിക്കുന്നതെന്ന് വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അരുൺ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു.വാലന്റൈൻ ദിനത്തിന് പിന്നാലെ ഫെബ്രുവരി 15, 16 തീയതികളിൽ സിംഗിൾസ് ഡേ ആഘോഷങ്ങൾക്കും വണ്ടർല വേദിയാകും. ലൈവ് ബാൻഡിന്റെ മാസ്മരികതയ്ക്കൊപ്പം പുതിയ സുഹൃത്തുക്കളെ കണ്ടെത്താനും ജീവിതത്തിലെ മറ്റൊരു അവിസ്മരണീയ ദിനമെന്ന രീതിയിലുമാണ് സിംഗിൾസ് ഡേ ദിനാഘോഷങ്ങൾക്ക് വണ്ടർല പശ്ചാത്തലമൊരുക്കുന്നത്.

വാലന്റൈൻ ദിനാഘോഷം സവിശേഷമാക്കുന്നതിന് ഓൺലൈനിൽ ബുക്ക് ചെയ്യുന്ന കപ്പിൾ പാസുകളിൽ പാർക്ക് ടിക്കറ്റുകൾക്കും എക്സ്ക്ലൂസീവ് ഫുഡ്, ടിക്കറ്റ് കോമ്പോകൾക്കും 35% വരെ കിഴിവ് ഉണ്ടായിരിക്കും. ഫെബ്രുവരി 7 മുതൽ 14 വരെ വണ്ടർലയുടെ ഓൺലൈൻ ബുക്കിംഗ് പ്ലാറ്റ്ഫോമിൽ ഈ മികവുറ്റ പാക്കേജ് ലഭിക്കും. ഓൺലൈൻ ബുക്കിംഗ് ഇപ്പോൾ ലഭ്യമാണ്.

# കൊച്ചി മാരത്തൺ: എക്സ്പോ ആരംഭിച്ചു

**കൊച്ചി:** മൂന്നാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ ഭാഗമായി മറൈൻ ഡ്രൈവിൽ എക്സ്പോ ആരംഭിച്ചു. രണ്ട് ദിവസങ്ങളിലായി നടക്കുന്ന പ്രദർശനമേള ഫെഡറൽബാങ്ക് വൈസ് പ്രസിഡന്റ് മോഹൻദാസ് ടി.എസ് ഉദ്ഘാടനം ചെയ്തു. ഫെഡറൽബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് രാധാകൃഷ്ണൻ എസ്, ഫെഡറൽ ബാങ്ക് അസി.വൈസ് പ്രസിഡന്റ് സൂരജ് എസ് ഭട്ട്,ക്ലിയോസ്പോർട്സ് ഡയറക്ടർ ബൈജു പോൾ, ഇൻജിയോൻ കിയാ മാർക്കറ്റിങ് മാനേജർ ബെഞ്ചമിൻ, ടൈഗർബാം പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

മാരത്തൺ ടൈറ്റിൽ സ്പോൺസർ ഫെഡറൽ ബാങ്ക്, മെഡിക്കൽ പാർട്ണർ ആസ്റ്റർ മെഡ്സിറ്റി, ടൈഗർബാം, കിയാ,ഏസിക്സ് എന്നീ ബ്രാൻഡുകളുടെ സ്റ്റാളുകളാണ് ഉള്ളത്. രണ്ടാം ദിവസമായ ഇന്ന് രാവിലെ ഒമ്പതിന് ആരംഭിക്കുന്ന മേള വൈകുന്നേരം അഞ്ചിന് സമാപിക്കും. മാരത്തൺ രജിസ്ട്രേഷൻ കൗണ്ടറും മേളയിൽ സജ്ജമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്തവർക്ക് ഇവിടെ നിന്ന് റെയ്സ് കിറ്റും ലഭിക്കും. ക്ലിയോസ്പോർട്സ് സംഘടിപ്പിക്കുന്ന മൂന്നാമത് മാരത്തൺ നാളെ (ഫെബ്രു.9)നടക്കും. പുലർച്ചെ നാലു മണിക്ക് മറൈൻഡ്രൈവിൽ നിന്ന് ഫ്ളാഗ് ഓഫ് ചെയ്യും. ഫുൾ, ഹാഫ്, പത്ത് കി.മി, മൂന്ന് കി.മി ഗ്രീൻ റൺ, സ്പെഷ്യൽ റൺ എന്നീ വിഭാഗങ്ങളിലായാണ് മാരത്തൺ നടക്കുന്നത്.

## ഞായറാഴ്ച്ച ഗതാഗത നിയന്ത്രണം

**കൊച്ചി:** ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ നടക്കുന്നതിനാൽ ഞായറാഴ്ച്ച നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ബോൽഗാട്ടി മറൈൻ ഡ്രൈവ് രവിപുരംതേവര വെണ്ടുരുത്തി പാലം വരെയുള്ള റോഡിലാണ് പുലർച്ചെ മൂന്നു മണി മുതൽ രാവിലെ എട്ടു മണി വരെ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. വാതുരുത്തിതേവര റോഡിൽ വെന്തുരുത്തി പാലം ഉൾപ്പെടെയുള്ള പ്രധാന റോഡ്, തേവര മുതൽ മാധവ ഫാർമസി വരെയുള്ള എം.ജി റോഡ്, മാധവ ഫാർമസി മുതൽ ഹൈക്കോടതി വരെയുള്ള ബാനർജി റോഡ്, ഹൈക്കോടതി മുതൽ കോർപ്പറേഷൻ വരെയുള്ള ഷൺമുഖം റോഡ്, കോർപ്പറേഷൻ മുതൽ രാജേന്ദ്ര മൈതാനം വരെയുള്ള പാർക്ക് അവന്യൂ റോഡ്, രാജേന്ദ്ര മൈതാനം മുതൽ രവിപുരം വരെയുള്ള ഓൾഡ് തേവര റോഡ്, ഹൈക്കോടതി മുതൽ ചാത്തിയാത്ത് വരെയുള്ള എബ്രഹാം മാടമ്പാക്കൽ റോഡ്, ഗോശ്രീ ഒന്നാം പാലം മുതൽ കാളമുക്ക് വരെയുള്ള എൽഎൻജി ടെർമിനൽ റോഡ് എന്നീ ഭാഗങ്ങളിൽ ഗതാഗത നിയന്ത്രണമുണ്ടാകുമെന്ന് ട്രാഫിക് പോലീസ് അറിയിച്ചു.

# പിഎൻബി ഹോം ലോൺ എക്സ്പോ 2025

**ന്യൂഡൽഹി:** മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) വീട് വാങ്ങുന്നവരെയും റിയൽ എസ്റ്റേറ്റ് നിക്ഷേപകരെയും എക്സ്ക്ലൂസീവ് ഫിനാൻസിംഗ് പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ദ്വിദിന പ്രീമിയർ പരിപാടിയായ പിഎൻബി ഹോം ലോൺ എക്സ്പോ 2025 സംഘടിപ്പിക്കുന്നു.

പിഎൻബി ഹോം ലോൺ എക്സ്പോ 2025, മുൻനിര റിയൽ എസ്റ്റേറ്റ് ഡെവലപ്പർമാർ, സാമ്പത്തിക വിദഗ്ധർ, വീട് വാങ്ങാനാഗ്രഹിക്കുന്നവർ എന്നിവരെ ഒരു മേൽക്കൂരയ്ക്ക് കീഴിൽ ഒന്നിച്ചു കൊണ്ടുവരും, ഫെബ്രുവരി 78 തീയതികളിൽ നടക്കുന്ന ഈ എക്സ്ക്ലൂസീവ് പരിപാടിയിൽ വീട്ടുടമസ്ഥർക്കും നിക്ഷേപകർക്കും പങ്കെടുക്കാം,

മത്സരാധിഷ്ഠിത പലിശ നിരക്കുകളിൽ ഇഷ്ടാനുസൃതമാക്കിയ ഭവന വായ്പാ പരിഹാരങ്ങൾ പങ്കെടുക്കുന്നവർക്ക് പ്രയോജനപ്പെടുത്താം, തൽക്ഷണ യോഗ്യതാ പരിശോധനകൾക്കും അംഗീകാരങ്ങൾക്കുമായി പിഎൻബി ലോൺ ഓഫീസർമാരുമായി സ്ഥലത്തുതന്നെ കൂടിയാലോചനകളും നടത്താം. കൂടാതെ, വീട് വാങ്ങുന്നവരെ അവരുടെ സ്വപ്ന ഭവനങ്ങളെക്കുറിച്ച് തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നതിന് വിദഗ്ധ സാമ്പത്തിക മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാകും. യോഗ്യരായ ഉപഭോക്താക്കൾക്ക് തത്വത്തിൽ അനുമതി കത്തുകൾ ലഭിക്കും, അംഗീകൃത ഭവന പദ്ധതികളിൽ നിന്നുള്ള ഭവന വായ്പാ ലീഡുകൾക്കായി 72 മണിക്കൂറിനുള്ളിൽ അന്തിമ അനുമതി കത്തുകൾ നൽകും.

എക്സ്പോയിൽ സജ്ജമാക്കിയിരിക്കുന്ന ഡിജിറ്റൽ ടാബ് പങ്കെടുക്കുന്നവരെ വ്യക്തിഗതമാക്കിയ ഹോം ലോൺ ഓഫറുകൾ തൽക്ഷണം ആക്സസ് ചെയ്യാൻ സഹായിക്കും. ഇത് അപേക്ഷാ പ്രക്രിയ സൗകര്യപ്രദവുമാക്കുന്നു.

വീട് സ്വന്തമാക്കാനാഗ്രഹിക്കുന്നവരെ അവരുടെ യാത്ര ലളിതമാക്കുന്ന അനുയോജ്യമായ സാമ്പത്തിക പരിഹാരങ്ങളിലൂടെ ശാക്തീകരിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. മികച്ച ഹോം ലോൺ ഡീലുകൾ, വിദഗ്ദ്ധ സാമ്പത്തിക മാർഗ്ഗനിർദ്ദേശം, എക്സ്ക്ലൂസീവ് ആനുകൂല്യങ്ങൾ എന്നിവയിലേക്ക് തടസ്സമില്ലാത്ത പ്രവേശനം വാഗ്ദാനം ചെയ്യുന്ന ഒരു സമഗ്രമായ പ്ലാറ്റ്ഫോമാണ് പിഎൻബി ഹോം ലോൺ എക്സ്പോ 2025.ബാങ്കിന്റെ ഹോം ലോൺ ഉൽപ്പന്നങ്ങളെക്കുറിച്ചും പിഎൻബി സൂര്യഘർ പദ്ധതിയെക്കുറിച്ചും അവബോധം വളർത്തുന്നതിനും, ഗുണനിലവാരമുള്ള റീട്ടെയിൽ വായ്പാ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും, ദീർഘകാല ഉപഭോക്തൃ ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ ബ്രാൻഡ് വിശ്വസ്തത ശക്തിപ്പെടുത്തുന്നതിനുമാണ് എക്സ്പോ രൂപകൽപ്പന ചെയ്തിരിക്കുന്നത്.‘

കൂടുതൽ വിവരങ്ങൾക്ക്, pnbindia.in സന്ദർശിക്കുക, അല്ലെങ്കിൽ അടുത്തുള്ള ബ്രാഞ്ചുമായി ബന്ധപ്പെടുക / പരിപാടി നടക്കുന്ന വേദികൾ അറിയാൻ ചെയ്യാൻ 1800 1800 / 1800 2021 എന്ന നമ്പറിൽ വിളിക്കുക.

# പോളിസികൾ നടപ്പാക്കുന്നതിൽ വേഗത വേണം; കേരളത്തിൽ നിക്ഷേപിക്കാൻ കമ്പനികൾക്ക് ആശങ്കയില്ല

**കൊച്ചി:** കേരളത്തിൽ നിക്ഷേപം നടത്താൻ പഴയതുപോലെ കമ്പനികൾക്ക് ഇപ്പോൾ ആശങ്കപ്പെടുന്നില്ലെന്ന് ഇൻഫോ പാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ. കളമശേരി ചാക്കോളാസ് പവലിയനിൽ നടക്കുന്ന കോൺഫെഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ കേരള ഘടകത്തിന്റെ എട്ടാമത് സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതികൾ വളരെ വേഗം നടപ്പാകണമെങ്കിൽ ദീർഘവീക്ഷണമുള്ള നേതാക്കൾ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.ഐടി മേഖലയിലെ കുതിച്ചുചാട്ടം' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ സുശാന്ത് കുറുന്തിലിനോടൊപ്പം ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻ പിള്ളയും പങ്കെടുത്തു. ക്രെഡായ് കൊച്ചി ജനറൽ കമ്മിറ്റി മെമ്പർ എം വി ആന്റണി മോഡറേറ്ററായിരുന്നു.നവകേരളം എന്ന വാക്കിനെ നാം നിർവചിച്ചിട്ടുണ്ടോ? ഞങ്ങൾ സന്തുഷ്ടരാണ്. ഓരോ ദിവസവും പോസിറ്റീവായ കാര്യങ്ങൾ കേരളത്തിൽ സംഭവിക്കുന്നുണ്ട്. തീരുമാനം സമയബന്ധിതമായി എടുക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. പ്രത്യേകിച്ച്, പോളിസികൾ നടപ്പാക്കുന്ന കാര്യത്തിൽ. അവസരങ്ങൾ നേടിയെടുക്കണമെങ്കിൽ വളരെ വേഗം തീരുമാനം എടുക്കേണ്ടതുണ്ടെന്ന് സുശാന്ത് വ്യക്തമാക്കി.ഇത്തരം പരിപാടികളിലെ ചർച്ചകൾ പോളിസികൾ രൂപീകരിക്കുന്നതിന് ഭരണകൂടത്തെ പ്രേരിപ്പിക്കും. കൊച്ചിയിലെ ഐടി കേന്ദ്രങ്ങൾ ഇപ്പോൾ വിപുലീകരണത്തിന്റെ ഘട്ടത്തിൽ നിൽക്കുകയാണ്. കേരളത്തിൽ സഞ്ചാര വേഗം വർദ്ധിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ നിക്ഷേപകർ കേരളത്തിലേക്ക് എത്തുകയുള്ളുവെന്ന് കെ ചന്ദ്രൻ പിള്ള പറഞ്ഞു. വൈഭവം എവിടെയുണ്ടോ, അവിടേക്ക് കമ്പനികൾ ചെല്ലുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. എന്നാൽ അടിസ്ഥാന സൗകര്യം ഉണ്ടെങ്കിൽ മാത്രമെ അത് സാധ്യമാകൂ. കേരളത്തിൽ നിക്ഷേപം നടത്താൻ കമ്പനികൾ ഇപ്പോൾ ആശങ്ക കാണിക്കാറില്ല. പ്രധാനപ്പെട്ട കമ്പനികൾ ഇപ്പോൾ ഇൻഫോ പാർക്കിൽ നിക്ഷേപം നടത്തുന്ന സാഹചര്യമുണ്ടെന്ന് സുശാന്ത് അഭിപ്രായപ്പെട്ടു.ട്രേഡ് യൂണിയനുകളെ കുറ്റപ്പെടുത്താൻ സാധിക്കില്ല. പഴയതുപോലുള്ള പ്രശ്നങ്ങളൊന്നും ഇപ്പോഴില്ല. നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്ന ആർക്കും കേരളത്തിലേക്ക് വരാം. ആരും അവരെ തടയില്ല. നമുക്ക് തൊഴിൽ ആവശ്യമാണ്. തൊഴിൽ ഉണ്ടെങ്കിൽ മാത്രമെ ജീവിതം മുന്നോട്ടു പോകൂവെന്നും ചന്ദ്രൻ പിള്ള വ്യക്തമാക്കി.

# വീവർക്ക് ഇന്ത്യ മാനേജ്മെൻറ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ മുന്നിര പ്രീമിയം വർക്ക്സ്പേസ് ഓപ്പറേറ്റർമാരായ വീവർക്ക് ഇന്ത്യ മാനേജ്മെൻറ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. വൻകിട സംരംഭകർക്കും ചെറുകിട ഇടത്തരം ബിസിനസുകാർക്കും സ്റ്റാർട്ടപ്പുകൾക്കും വ്യക്തികൾക്കും ഉയർന്ന നിലവാരമുള്ള വർക്ക് സ്പേസ് ലഭ്യമാക്കുന്ന കമ്പനി പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 43,753,952 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, 360 വൺ വാം ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




# കെപിഐടിയുമായി ഏകാ മൊബിലിറ്റിക്ക് പങ്കാളിത്തം

**മുംബൈ:** സുസ്ഥിര മൊബിലിറ്റി സൊല്യൂഷനുകളിലെ മുൻനിരക്കാരായ ഏകാ മൊബിലിറ്റി, അത്യാധുനിക ഇലക്ട്രിക് പവർട്രെയിൻ ടെക്നോളജി ഘടകങ്ങൾ വികസിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമായി കെപിഐടി ടെക്നോളജീസുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.

ഏകായുടെ വിപുലമായ ഇലക്ട്രിക് ബസുകൾക്കും വാണിജ്യ വാഹനങ്ങൾക്കും അനുയോജ്യമായ ട്രാക്ഷൻ മോട്ടോറുകൾ, കൺട്രോളറുകൾ, വെഹിക്കിൾ കൺട്രോൾ യൂണിറ്റുകൾ, ബാറ്ററി മാനേജ്മെന്റ് സിസ്റ്റങ്ങൾ തുടങ്ങിയ നൂതന ഇലക്ട്രിക് പവർട്രെയിൻ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിലാണ് ധാരണാപത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മൊബിലിറ്റിയിൽ കെപിഐടിയുടെ മൂന്ന് പതിറ്റാണ്ടുകളുടെ പ്രവർത്തനവും തദ്ദേശീയമായി വികസിപ്പിച്ച ഇലക്ട്രിക് പവർട്രെയിൻ സാങ്കേതികവിദ്യകളുടെ വിപുലമായ ശ്രേണിയും ഈ സഹകരണത്തിലൂടെ പ്രയോജനപ്പെടുത്തും.




# കൊച്ചിയിൽ മലേഷ്യൻ ടൂറിസം മേള സംഘടിപ്പിച്ചു

**കൊച്ചി:** ഇന്ത്യയുമായുള്ള സാംസ്കാരിക, വിനോദ സഞ്ചാര ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം മലേഷ്യയുടെ ഡയറക്ടർ ജനറൽ ദാതുക് മനോഹരൻ പെരിയസാമി നയിക്കുന്ന പ്രതിനിധി സംഘം സംസ്ഥാനത്ത് ടൂറിസം മേള സംഘടിപ്പിച്ചു. ഇന്ത്യയുടെ തെക്കൻ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചുള്ള ടൂറിസം പ്രചാരണ പരിപാടികളുടെ ഭാഗമായാണ് മേള നടന്നത്. ഹൈദരാബാദ്, ബാംഗളൂരു, കൊച്ചി എന്നീ പ്രധാന നഗരങ്ങൾ സന്ദർശിക്കുന്ന സംഘത്തിൽ മലേഷ്യയിൽ നിന്നുള്ള 62 ടൂറിസം സേ വനദാതാക്കളുടെ പ്രതിനിധികളാണ് പങ്കെടുത്തത്.

ടൂർ, ബിസിനസ് മീറ്റ്, സമ്മേളനങ്ങൾ, എക്സിബിഷൻ, വിവാഹം, ഷോപ്പിംഗ് എന്നിവയുമായി ബന്ധപ്പെട്ട് മലേഷ്യ ഒരുക്കുന്ന ടൂറിസം പാക്കേജുകളുടെ പ്രചാരണമാണ് സംഘം സംസ്ഥാനത്ത് ലക്ഷ്യമിടുന്നത്. 2024 ൽ, ഇന്ത്യയിൽ നിന്ന് പത്ത് ലക്ഷം വിനോദസഞ്ചാരികളാണ് മലേഷ്യ സന്ദർശിച്ചത്. ഇതിൽ 50%ത്തിലധികം പേർ ദക്ഷിണേന്ത്യയിൽ നിന്നാണ്.

151 പ്രതിവാര വിമാന സർവീസുകൾ വഴി 26,686 സീറ്റുകളാണ് മലേഷ്യ സന്ദർശനത്തിന് ആഴ്ച്ചയിൽ ഉള്ളത്.

ചെന്നൈയിൽ നിന്നും ബാംഗ്ലൂരിൽ നിന്നും പെനാങ്ങിലേക്കും ലങ്കാവിയിലേക്കും ഇൻഡിഗോ എയർലൈൻസ് അടുത്തിടെ പുതിയ വിമാന സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. ഹൈദരാബാദ്, ബാംഗ്ലൂർ, കൊച്ചി എന്നിവിടങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് ഇത് പ്രയോജനം ചെയ്യും.ഇന്ത്യ മലേഷ്യ ടൂറിസം വളർച്ചയ്ക്ക് ഇരുപത് വർഷത്തിലേറയുള്ള അഭിമാനകരമായ വളർച്ചയുടെ ചരിത്രമുണ്ട്. 2026 'വിസിറ്റ് മലേഷ്യ ഇയർ' ആയി ആചരിക്കുമ്പോൾ 1.6 ദശലക്ഷം ഇന്ത്യൻ യാത്രികരെയാണ് മലേഷ്യ ലക്ഷ്യമിടുന്നത്. എല്ലാ യാത്രക്കാർക്കും ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും മനോഹരമായ സന്ദർശന കേന്ദ്രങ്ങളും മലേഷ്യ ഒരുക്കുന്നുണ്ടെന്ന് ദാതുക് മനോഹരൻ പെരിയസാമി പറഞ്ഞു.

അത്യാധുനിക കൺവെൻഷൻ സെന്ററുകൾ, ആഡംബര ഹോട്ടലുകൾ, അന്താരാഷ്ട്ര സമ്മേളനങ്ങളും ബിസിനസ് പരിപാടികളും നടത്തുന്നതിനുള്ള പ്രൊഫഷണൽ സേവനങ്ങൾ ഉൾപ്പടെയുള്ള സൗകര്യങ്ങളും കാര്യക്ഷമമായ കണക്റ്റിവിറ്റിയും മലേഷ്യയുടെ ടൂറിസം ഓഫറിലുണ്ട്.ഹൈദരാബാദ്, ബാംഗ്ലൂർ, കൊച്ചി എന്നീ ദക്ഷിണേന്ത്യൻ നഗരങ്ങൾ കൂട്ടിയിണക്കിയുള്ള ടൂറിസം പദ്ധതിയെ കുറിച്ച് ടൂറിസം മലേഷ്യയുടെ ചെന്നൈ ഡയറക്ടർ ഹിഷാമുദ്ദീൻ മുസ്തഫ

വിശദീകരിച്ചു. 84 പ്രതിവാര വിമാന സർവീസുകളും ആഴ്ചയിൽ 12,395 സീറ്റുകളുമാണ് ദക്ഷിണേന്ത്യൻ യാത്രക്കാർക്ക് മലേഷ്യ ഒരുക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com